## 10

# സ്വാശ്രയത്വം


ഒരു ധീര സ്വപനം 2
രചന, സംവിധാനം : കരിവെള്ളൂർ മുരളി

കൂടിക്കാഴ്ച്ച (സംഗീത ശില്പം) 4
രചന : സച്ചിദാനന്ദൻ

നമ്മളൊന്ന് 7

സാക്ഷി 9
കരിവെള്ളൂർ മുരളി

ഐക്യഗാഥ 12

അമ്മ പറയുന്നു 14

മാനവസൗഹൃദഗാനം 17

നമ്മളൊന്ന് (സംഗീതശില്പം) 17

സ്വാശ്രയഗാനം 18

സ്വാശ്രയത്വം കൂത്ത് 18

കൂടിക്കാഴ്ച്ച (കവിത) സച്ചിദാനന്ദൻ

## 1. ഒരു ധീര സ്വപനം

**രചന, സംവിധാനം : കരിവെള്ളൂർ മുരളി**

കോറസ്സ് പിന്നരങ്ങിൽ ഒരു വരിയായി നിൽക്കുന്നു. മണിനാദം മുഴങ്ങുമ്പോൾ സ്റ്റേജിലേക്ക് കടന്നു വന്നു സ്തൂപം നിർമ്മിക്കുന്ന. 2 പേർ ഭടന്മാരായി പിന്നിൽ നിൽക്കുന്നു. ഒരാൾ പിന്നിൽ നിന്ന് കയ്യിൽ ദേശീയപതാകയുമായി ഓടിവന്ന് സ്തൂപത്തിനു മുകളിൽ കയറി പതാക ഉയർത്താൻ ശ്രമിക്കുന്നു. ഭടന്മാർ കുന്തം കൊണ്ട് അയാളെ കുത്തിതാഴെയിട്ട് അടിക്കുന്നു, ഭീകരമായ മർദ്ദനത്തിനു ശേഷം അയാളെ പിന്നിൽ നിൽക്കുന്ന കോറസ്സിന്റെ കൈകളിലേക്ക് വലിച്ചെറിയുന്നു (തടവറ). നീണ്ടുനിവർന്നു കിടക്കുന്ന അയാളുടെ കാൽപ്പാദങ്ങൾക്കിടയിലൂടെ ദേശീയ പതാക കാണാം. ഭടന്മാർ സ്റ്റേജിന്റെ വലതുവശത്ത് മാറിനിൽക്കുന്നു. കോറസ്സിൽ നിന്ന ഒരാൾ ഓടിവന്ന് (മകൻ) അച്ഛന്റെ കാലുകൾ കൂട്ടിപ്പിടിച്ച് പാടുന്നു.

തടവറക്കുള്ളിൽ തുടയെല്ല് പൊട്ടിത്തകരുന്ന നേരമെന്നച്ഛൻ
കരുതിവെച്ചു കുഞ്ഞു തലമുറക്കായ് ഒരു ധീര സ്വാതന്ത്ര്യ സ്പനം,
മകനേ നിനക്കീ സ്വപ്നം
ഇന്ത്യപുലരുമെന്നൊരു സത്യ സ്വപ്നം
തടവറക്കുള്ളിൽ.......
....... പുലരുമെന്നൊരു സത്യസ്വപ്നം
തടവറക്കുള്ളിൽ.......
കരുതിവെച്ചുകുഞ്ഞു തലമുറയ്ക്കായ്..
ഒരു ധീര സ്വാതന്ത്ര്യ സ്വപ്നം.
മകനേ നിനക്കീ സ്വപ്നം ഇന്ത്യ..... സത്യ സ്വപ്നം.
തടവറക്കുള്ളിൽ ......
...... ഇന്ത്യപുലരുമെന്നൊരു സത്യസ്വപ്നം

(അച്ഛൻ താഴെയിറങ്ങുന്നു കോറസ്സ്മുഴുവന്നും പാടിത്തുടങ്ങുന്നു. താളം. താളത്തിനൊത്ത് ഭടന്മാർ കോറസ്സിന്റെ മുന്നിൽ തടവറ നിർമ്മിക്കുന്നു. വീണ്ടും പാട്ട് ആവർത്തിക്കുന്നു. (2))

മൂന്നാമത്തെ തവണ പാട്ട് ആവർത്തിക്കുമ്പോൾ ഭടന്മാരുടെ തൊട്ടുപിന്നിൽ നിൽക്കുന്ന. കോറസ്സിലെ 3 പേർ ഭടന്മാർ പിടിച്ചിരിക്കുന്ന വടിയിൽ പിടിക്കുന്നു.

3 പേർ തടവറഭേദിച്ചു ഒരു സ്റ്റെപ്പ് മുന്നിലേക്ക് നീങ്ങുന്നു. (സ്റ്റിൽ)

പാട്ട് നാലാം തവണ ആവർത്തിക്കുന്നു. 3 പെൺകുട്ടികൾ മുന്നിലേക്ക് കടന്നു വന്ന് നില്ക്കുന്നവരുടെ പാർശ്വഭാഗത്തായി കൈപിടിച്ച് തലചായ്ച്ച് ഇരിക്കുന്നു.

അനുവദിക്കില്ല ഞാൻ അതു കട്ടെടുക്കുവാൻ
ഇതുങ്ങൾ മക്കളുടെ സ്വപനം (ഇരുന്നവർചാടി എഴുനേൽക്കുന്നു. ആംഗ്യങ്ങളോടെ പാടുന്നു.)
ഹൃദയത്തിൽ വേരുള്ള സ്വപ്നം
കുടനിവർത്തും സ്വപ്നവൃക്ഷം (കോറസ്സ് പിറകിലോട്ട്തിരിയുന്നു ദണ്ഡിയാത്ര. ഗാന്ധിജി ഇടതുംവലത്തുമായി 2 പെൺകുട്ടികൾ. പിന്നിൽ കോറസ്സ് ഏറ്റവും മുന്നിലായി ദേശീയ പതാക.

മുദ്രവാക്യം

ബോലോ ഭാരത് മാതാകീ - ജയ്
മഹാത്മാ ഗാന്ധീ കീ - ജയ്
വരിക വരിക സഹജരെ സഹനസമര സമയമായ്.

(ദണ്ഡിയാത്ര ആരംഭിക്കുന്നു. 2 പ്രാവശ്യം വലംവെച്ച് 3-ാമത്തെ പ്രാവശ്യം ഭടന്മാർ അവരുടെ വടികൾ ചേർത്തു പിടിച്ച് ഗാന്ധിയെയും സംഘത്തെയും തടയുന്നു. ഒരു നിമിഷം സ്റ്റിൽ. ഗാന്ധിജി തന്റെ കയ്യിലുള്ള വടി ഭടന്മാരുടെ വടിയും ചേർത്ത് 'മുക്കാലി'യുണ്ടാക്കുന്നു. 2 പെൺകുട്ടികൾ മുന്നോട്ട് വരുന്നു. ഇരുവശത്തു നിന്നും വെള്ളം കോരി പാത്രത്തിലേക്ക് ഒഴിക്കുന്നു. (ഉപ്പുകുറക്കൽ)

ഹമ്മിംഗ്.

(ദേശീയ പതാക അരങ്ങിന്റെ ഇടത്തെമൂലയിൽ മുൻവശത്ത് വെക്കുന്നു)

ഗാന്ധിജി വടി കോറസ്സിന് കൈമാറുന്നു. 3 വടികളിലുമായി 4 പേർ വീതം പിടിച്ച് കറങ്ങുന്നു. മുന്നിൽ 3 പേർ വടി ചുമലിൽ വെച്ചു നടക്കുന്നു.

ഒരു കടൽത്തീരത്തെ ഒരു കുമ്പിൾ വെള്ളത്തിൽ
ഒരു മഹാഗർജ്ജനം കേട്ടു (2)
ഒരു പിടിയുപ്പിന്റെ ഉപ്പ്
വിയർപ്പിലും രുധിരത്തിലും തുടിച്ചല്ലൊ.
ഒരു കടൽത്തീർത്തെ.. (3 പ്രാവശ്യം ആവർത്തിക്കുന്നു.)

ഒരു പിടിയുപ്പിന്റെ ഉപ്പ്....
വിയർപ്പിലും രുധിരത്തിലും തുടിച്ചല്ലൊ. (കുഴിമാടത്തിന്റെ രൂപത്തിൽ കോറസ്സ് ഇരിക്കുന്നു.)
കുഴിമാടമെത്രയോ ഓർമ്മതൻ കറുകകൾ
നിറയെ പുതച്ചിന്നു നിൽപ്പൂ. (കയ്യിലുള്ള വടികൾ പുറത്തേക്ക് മാറ്റുന്നു.)
അവിടെനിന്നും ഞങ്ങൾ കയ്യേറ്റെ സ്വപ്നം. ( ഒരാൾ ഓടിവന്ന് ദേശീയപതാക എടുത്ത് ഉയർത്തി നിൽകുന്നു)
മുറിവേറ്റു വീഴുന്നതിപ്പോൾ .(കുഴിമാടത്തിന്റെ പിൻവരിയിലിരുന്നവർ എഴുനേറ്റ് നിൽക്കുന്നു. മുൻ വരിയിലിരുന്നവർ തലഉയർത്തി മുട്ടുകാലിൽ നിൽക്കുന്നു. മുട്ടുകാലിൽ നിൽക്കുന്നവർ എഴുനേറ്റു ദേശീയ പതാകക്കു നേരെ ഗാംഭീര്യത്തോടെ നോക്കി നിൽക്കുന്നു. കോറസ് മുന്നോട്ട്- ദേശീയപതാക ഏന്തിയ ആളെ രണ്ടുപേർ ചേർന്ന് ഉയർത്തുന്നു. പതാകക്കു നേരെ കൈചൂണ്ടി നിൽക്കുന്ന കോറസ്.
അനുവദിക്കില്ലാ ഞാൻ അതുകട്ടെടുക്കുവാൻ
ഇതുഞങ്ങൾ മക്കളുടെ സ്വപ്നം
ഹൃദയത്തിൽ വേരുള്ള സ്വപ്നം
കുടനിവർത്തും സ്വപ്ന വൃക്ഷം

(ഒരു പ്രത്യേക താളത്തിൽ സാവധാനം കോറസ് ചലിക്കുന്നു. 6 പേർ മുന്നിൽ ഒരു വരിയായി നിൽക്കുന്നു. 2പേർ പിന്നിൽ കഴുമരം ഉയർത്തുനു, 3 പേർ കഴുമരത്തിലേറുന്നവരുമായി പിന്നിലേക്ക് നീങ്ങുന്നു. (ഇരിക്കുന്നു)

കഴുമരത്തിൽതൻ ശിരസ്സുയർത്തി
കയർ വരണമാല്യം പോലണിഞ്ഞും
മുറുകുന്ന കണ്ഠത്തിലിങ്കിലാബിൻ സ്വരം
വിറയാതുയർത്തുന്ന ധീരർ.

(മുൻവരിയിലെ 6 പേർ പാടിക്കൊണ്ട് സാവധാനം ഇരിക്കുന്നു. അതേസമയം പിന്നിൽ 3 പേർ കഴുമരത്തിലേറുന്നു ഒപ്പം 'ഇൻക്വിലാബ്' എന്ന് ഉച്ചത്തിൽ വിളിക്കുമ്പോൾ മുൻ വരിയിലുള്ളവർ സിന്ദാബാദ് എന്ന് ഏറ്റുവിളിക്കുന്നു. കഴുവിലേറ്റപ്പെട്ടവരുടെ ശബ്ദം മുറിയുന്നു. മുൻവരിയിലുള്ളവർ മുഷ്ടി മടക്കി കൈമുന്നോട്ട് നീട്ടിപ്പിടിച്ചു "മുറുകുന്നകണ്ഠത്തിൽ" ...പാടിക്കൊണ്ട് എഴുന്നേൽക്കേ കഴുമരം പുറത്തേക്കു മാറുന്നു.

അവർ മൂന്നു യൗവനങ്ങൾ അന്ന് -
ബ്രിട്ടന്റെ ബധിരകർണ്ണങ്ങൾ നടുക്കീ

(മുൻഭാഗത്തുള്ളവർ കൈ ഉയർത്തി മുഷ്ടിമടക്കി അഭിവാദ്യ ചെയ്തു നിൽക്കുന്നു.)

അവർ മൂന്നു...........
...........കർണ-ങ്ങൾ നടുക്കീ. (പിന്നിലുള്ളവർ അതേ പോസിൽ മുന്നിൽ ചേരുന്നു.)
അവരിൽ നിന്നും ഞങ്ങൾ കയ്യേറ്റ സ്വപ്നം
മുറിവേറ്റു വീഴുന്നതിപ്പോൾ. (കോറസ് മുഴുവനും തറയിൽ കുഴഞ്ഞുവീഴുന്നു.)
അനുവദിക്കില്ലഞാൻ....... (പെട്ടന്ന് തലയുയർത്തുന്നു.)
അതു കട്ടെടുക്കുവാൻ
ഇതു ഞങ്ങൾ മക്കളുടെ സ്വപ്നം
ഹൃദയത്തിൽ വേരുള്ള സ്വപ്നം (കോറസ് തറയോട് ചേർന്ന് ഇഴയുന്നതുപോലെ മുന്നോട്ട് നീങ്ങുന്നു. മുന്നിലുള്ള ഒരാൾ അരങ്ങിന്റെ ഇടത്തെ മൂലയിൽ വെച്ചിട്ടുള്ള ദേശീയ പതാക എടുക്കുന്നു.
കുടനിവർത്തും സ്വപ്ന വൃക്ഷം (ദേശീയ പതാക നിലത്തുനിന്ന് ഉയർത്തിപ്പിടിക്കുന്നു. കോറസ് മുഴുവനും പിറകോട്ട് ഒരു ചങ്ങല പോലെ മുട്ടുകാലിൽ ഇരിക്കുന്നു)

" സാരെജഹാംസെ അച്ഛാ"
ആദ്യം പാട്ട് പിന്നീട് കോറസ്സ് ഹമ്മിംഗ് (സ്റ്റീൽ)
"ഹം ബുൽബുലേ ഹെ.........ആരംഭിക്കുമ്പോൾ (കോറസ് സാവധാനം എഴുനേൽക്കുന്നു. പിരിയുന്നു.)

## 2. കൂടിക്കാഴ്ച്ച

**സംഗീത ശില്പം** **രചന : സച്ചിദാനന്ദൻ**

(ഇരുട്ടുകയറുന്ന ഈ ലോകത്തിന്റെ നെറുകയിൽ പരസ്പരം ആശ്ലേഷിതരായി നില്ക്കുന്ന രണ്ട് മഹാരഥന്മാർ - ഇന്ത്യൻ സ്വാതന്ത്രസമരത്തിന് നേതൃത്വം നൽകിയ മഹാത്മാഗാന്ധി. മഹത്തായ റഷ്യൻ വിപ്ലവത്തിന് നേതൃത്വം നൽകിയ ലെനിൻ.)

രണ്ടു വശങ്ങളിൽ നിന്ന് - ഒരോ ടീമുകൾ ചെങ്കൊടിയുമായി പ്രവേശിക്കുന്നു -

Music: ലാല ലാലലലലാലല്ല.......... ലാലലാലലാലല......

ടീമികൾ മുൻപിലും പുറകിലുമായി നിരന്നു നില്ക്കും. നടുവിലായി ലെനിൻ ഉയരുന്നു (കൈയിൽ പുസ്തകവുമായി നില്ക്കുന്ന ലെനിന്റെ പ്രതിമയുടെ രൂപത്തിൽ)

ഒരു താളം - ചുവന്ന കൊടി താഴെ വീഴുന്നു. വീണ്ടും ആദ്യത്തെ Music..... ടീമുകൾ രണ്ടുവശത്തേക്ക് പോകുന്നു. വേദിയിൽ ലെനിന്റെ പ്രതിമ. ഇരുവശങ്ങളിൽ നിന്നും ആർത്തു വരുന്ന ജനങ്ങൾ പ്രതിമ തകർത്ത് താഴെയിടുന്നു. ഒരു സ്ത്രീ തലയിൽ ചവിട്ടുന്നു. കാർക്കിച്ചു തുപ്പുന്നു.

(ഗ്രൂപ്പ് സ്റ്റേജിന്റെ പിന്നിൽ പുറകിലേക്ക് തിരിഞ്ഞ് നിരന്നു നില്ക്കുന്നു.)

(ഉണരുവിൻ, ഉണരുവിൻ)..... എന്ന ഗാനത്തിന്റെ ഈണം. പിന്നണിയിൽ. താഴെനിന്നും എഴുന്നേല്ക്കാൻ ശ്രമിക്കുന്ന ലെനിൻ.....

(വൈഷ്ണ്യ വജനതോ)...... എന്ന ഗാനത്തിന്റെ ഈണം. സ്റ്റേജിന്റെ ഇടത് ഭാഗത്തെ മൂലയിൽനിന്നും ഗാന്ധി പ്രവേശിക്കുന്നു. ലെനിനെ എഴുനേല്ക്കാൻ സഹായിക്കുന്നു. അതിശയത്തോടുകൂടി...

ഗാന്ധി : പ്ലാദിമർ ലെനിൻ.....

ലെനിൻ : ഗാന്ധി.... (ലെനിൻ ഹസ്തദാനത്തിനായി കൈനീട്ടുന്നു. ഗാന്ധി കൈ കൂപ്പുന്നു. ലെനിൻ കൈ കൂപ്പുന്നു. പരസ്പരം പുണരുന്നു. ഗാന്ധിയുടെ ഊന്നു വടി താഴെ വീഴുന്നു. ഗാന്ധി വടി എടുക്കുവാനായി കുനിയുന്നു. ലെനിൻ ഗാന്ധിയെ തടഞ്ഞുക്കൊണ്ട് വടി എടുത്ത് കൊടുക്കുന്നു. വടി നിലത്തൂന്നി. പരസ്പരം നോക്കി നില്ക്കുന്നു. (പാട്ട്) പിന്നണിയിൽ

"അതെ ഇവരിരുവരും പതിതർ, ഒറ്റപ്പെട്ടോർ
പടിപൂട്ടി തൻ പേരക്കുട്ടികൾ
പിണ്ഡം വച്ചോർ.

(വടിയിൽ നിന്നുംവിട്ട് രണ്ടുപേരും സ്റ്റേജിന്റെ ഇരുവശങ്ങളിലേക്കും പതിയെ നീങ്ങുന്നു.)

പോകയായിരുന്നു പരസ്പരമവർ പണ്ട് -
പണിത മഹാരാജ്യം കാണുവാൻ പഠിക്കുവാൻ
എങ്ങനെ ഇതിഹാസം പുതുക്കിക്കുറിച്ചു നാം
ചങ്ങലക്കെട്ടിൽ നാട് പിടയും ദിനങ്ങളിൽ
എങ്ങനെ സ്നേഹത്തിന്റെ ഉലയിൽ പഴുപ്പിച്ചു
നമ്മുടെ ജനതതൻ ഇച്ഛയ്ക്ക് കൂട്ടി മാർച്ച.

(പിന്നിൽ നിന്നും ജാഥ)

ഭാരത് മാതാക്കീ... ജയ്..... (2)
വിദേശവസ്ത്രം ബഹിഷ്കരിക്കുക.
ബ്രിട്ടീഷ്കാർ ഇന്ത്യവിടുക.......

(ജാഥ വരുന്നു. വിദേശവസ്ത്രങ്ങൾ ഊരുന്നു. സ്റ്റേജിന് നടുവിൽ കൂട്ടിയിടുന്നു. ഒരാൾ തീ കൊടുക്കുന്നു. തീയിൽ നിന്ന് അകന്നു പോകുന്ന ജനക്കൂട്ടം. (സംഘം) ലോങ്ങ് മാർച്ചിന്റെ ദൃശ്യമാകുന്നു. പിന്നണിയിൽ വീണ്ടും (ഉണരുവിൻ ഉയരുവിൻ എന്ന ഗാനത്തിന്റെ ഈണം.) ജനക്കൂട്ടത്തെ വകഞ്ഞുമാറ്റി പ്രസംഗപീഠത്തിലേക്ക് കയറുന്ന ലെനിൻ. ദൂരെയുള്ള ലക്ഷ്യത്തിലേക്ക്

കൈ ചൂണ്ടുന്ന ലെനിൻ. (പിന്നിൽ - സർവ്വ രാജ്യതൊഴിലാളികളെ സംഘടിക്കുവിൻ നിങ്ങൾക്ക് നഷ്ടപ്പെടുവാൻ കൈ വിലങ്ങുകൾ മാത്രം.) മുന്നിലേക്കുനീട്ടുന്ന ലെനിന്റെ കൈയ്യിൽ നിന്നും വിടർന്നു പറക്കുന്ന ചെങ്കൊടി. പിന്നിൽ നിന്നും പാട്ട് -

ശത്രുവിൻ ശസ്ത്രങ്ങളെ തീക്ഷ്ണമാം
വിമോചന സ്വപ്നത്തിൻ
ബലത്തിനാലവർ വെന്നിടുവോളം

സംഘം : ശക്തനുമശക്തനു മില്ലാത്ത സമുദായം
സത്യമാക്കുവാൻ സ്വന്തം ജീവനെ ത്യജിപ്പോളം

(സംഘം പാടിക്കൊണ്ട് ഒറ്റവരിയായി പിന്നിൽ ചെന്നു നില്കുന്നു.)

പിന്നിൽ നിന്ന് : (മോസ്കോ - 1995)തെണ്ടി . ഭക്ഷണാവശിഷ്ടങ്ങൾ പെറുക്കിതിരക്കികൊണ്ട് കടന്നു വരുന്നു. തണുത്ത് വിറക്കുന്നു.... വിറച്ചു വിറച്ച് ഒരു കൗണ്ടറിന് മുന്നിൽ ചെന്ന് റൊട്ടി വാങ്ങാൻ (റൂബിൾ) പണം നീട്ടുന്നു. 'ഡോളർ'..... എന്ന് കേട്ട് ഞെട്ടുന്നു. നിരാശയോടെ തിരിച്ചുപോകുന്നു. ഒരു പണക്കാരൻ പ്രവേശിക്കുന്നു. ഡോളർ കൊടുത്ത് റൊട്ടിവാങ്ങുന്നു. റോട്ടി വാങ്ങി തിരിഞ്ഞു നടക്കുന പണക്കാരന്റെ കയ്യിൽ നിന്നും റൊട്ടിതട്ടിക്കൊണ്ടോടുന്ന തെണ്ടി. പകച്ചു നില്ക്കുന്ന പണക്കാരനെ കുത്തി മലർത്തി ഡോളർ തട്ടിയെടുക്കുന്ന മറ്റൊരാൾ ( സ്റ്റിൽ)

സ്റ്റേജിന്റെ വലതു വശത്തുനിന്ന് നൃത്തം ചെയ്തു വരുന്ന യുവതി. ഇടതുവശത്തു നിന്ന് കുടിച്ച്, ആടി-ആടി വരുന്ന ഒരാൾ. അയാൾ യുവതിയെ സമീപിക്കുന്നു.

യുവതി ചിരിയോടെ : ഡോളറുണ്ടോ ?

കുടിയൻ : : റൂബിൾ

യുവതി : : ഛേ...... (സ്റ്റിൽ)

Music: ഡും.. ഡും.. ഡും (ലെനിൻ പ്രവേശിക്കുന്നു.)

എല്ലാം കണ്ട് ദു:ഖത്തോടെ നില്ക്കുന്നു.

പാട്ട് : ഇപ്പഴോ -

ഇപ്പോൾ വന്നു സ്വാതന്ത്ര്യം
സ്വാതന്ത്ര്യത്തിന്നാപ്പഴുതിലൂടെത്തി
നാം പടികടത്തിയതൊക്കയും.
നിൽക്കയാണവളിന്ന് സാമ്രാജ്യത്ത്വത്തിൽ കാൽക്കൽ
എച്ചിലിനായ് വാലാട്ടി മോങ്ങി
ചെള്ളുകൾ മൂടി. (ലെനിൻ തല കൈയ്യിൽ താങ്ങി നിലത്തിരിക്കുന്നു.)

ഡും.....ഡും....ഡും... (ഗാന്ധി, പ്രവേശിക്കുന്നു ലെനിന്റെ തോളിൽ പിടിക്കുന്നു.)

വന്നേക്കാം പുതുതലമുറയൊന്നവർ
കൊണ്ടുവന്നേക്കാം സ്വാതന്ത്ര്യവും അപ്പവും തരും നാളെ

ഗ്രൂപ്പ് : "വന്നേക്കാം...... തരും നാളെ" (പാടി പുറകിൽ നിരയാകുന്നു.) നടുവിലായി ഉയർന്നുവരുന്ന ഇന്ത്യൻ ഭരണാധികാരി വിളിച്ചു പറയുന്നു.

ഭരണാധികാരി : സസ്യശ്യാമള കോമളമായ പുണ്യപുരാതന ആർഷ ഭാരതത്തെ മൊത്തമായും പരസ്യമായും ലേലം ചെയ്ത് കൊടുക്കുന്നു.

(വിളമ്പരം കേട്ടുകൊണ്ട് സ്റ്റേജിന്റെ പലഭാഗങ്ങളിൽ നിന്നും പണം എണ്ണി നോക്കുന്ന സംഘങ്ങൾ.)

പരസ്യം : ലേലത്തുക... 'ഡോളറായി' കെട്ടിവയ്ക്കണ്ടതാണ്.

(നിരാശയോടെ പിരിഞ്ഞു പോകുന്ന സംഘാഗങ്ങൾ)

അട്ടഹസിച്ചുകൊണ്ട് കടന്നുവരുന്ന സാമ്രാജ്യത്വം -

സാമ്രാജ്യത്വം : മൊത്തമായും എടുത്തിരിക്കുന്നു. അന്തിച്ചുനില്ക്കുന്ന ഭരണാധികാരി സ്വന്തം ഇരിപ്പിടത്തിൽ നിന്നും ചാടി താഴെ ഇറങ്ങുന്നു. ഭരണാധികാരിയുടെ ഇരിപ്പിടത്തിലേക്ക് ചാടിക്കയറുന്ന സാമ്രാജ്യത്വം, പണക്കിഴി എറിഞ്ഞുകൊടുക്കുന്നു. പണക്കിഴി കൈക്കലാക്കി ഭരണാധികാരി സാമ്രാജ്യത്വത്തിന്റെ കാൽനക്കുന്നു. (സ്റ്റിൽ) സ്റ്റേജിന്റെ മുന്നിൽ ഇടത്തേ മൂലയിൽ നിന്ന് പതുക്കെ ചലിക്കുന്ന ഗാന്ധി. (വലത്തേ മൂലയിലേക്ക്)

പാട്ട് :

മറവിയിലിന്ത്യാക്കാർ ദഹിപ്പിച്ചുവെന്നെ
ഞാൻ ജീവിക്കുമ്പോൾ

ഒരു സ്വപ്നമുണ്ടായിരുന്നെനിക്ക്
ആർക്കും മുമ്പിൽ തലതാഴ്ത്താതെ -
നിൽക്കുമൊരു നാടിനെപ്പറ്റി

(പല പോസ്സുകളിലായി നിന്ന ഗ്രൂപ്പ് ഒന്നിക്കുന്നു)

ഗ്രൂപ്പ് :

ഒരു വർഗമായ് ഒറ്റ മതമായ്
കർമ്മത്തിനാലുയരും
സമത്വത്തിൻ മാതൃരാജ്യത്തെപറ്റി.
നവസാമ്രാജ്യത്വത്തിൻ ഖജനാവിനു മുൻപിൽ
അവൾ തൻ ആത്മാവിനെ
അവരെപ്പോഴേ വിറ്റു.

(കരഞ്ഞ് വടിയിൽ പിടിച്ച് താഴെയിരിക്കുന്ന ഗാന്ധി.) ഗാന്ധിയുടെ തോളിൽ പിടിക്കുന്ന ലെനിൻ.

പാട്ട് :

വന്നേക്കാം പുതുതലമുറയൊന്നവർ
കൊണ്ടു വന്നേക്കാം സ്വാതന്ത്ര്യവും അപ്പവും തരും നാളെ.

(ഗാന്ധി എഴുനേല്ക്കുന്നു. രണ്ടുപേരും മുന്നോട്ടു നടക്കുന്നു.)

പാട്ട് :

വരൂ. പോവുക കണ്ണീർ നമ്മളെ വിളിക്കയാണ്
ഇനി നാം തുടങ്ങേണ്ടൂ
നവ സന്നാഹം ഭൂവിൽ

(ഗാന്ധിയുടെ വടി മുന്നിൽ കുത്തി ഒരു ചുവട് മുന്നോട്ട് വച്ച് കുതിക്കാനാങ്ങി നില്ക്കുന്ന ഗാന്ധിയും ലെനിനും)

ഗ്രൂപ്പ് : വരൂ പോവുക കണ്ണീർ നമ്മളെ വിളിക്കയാണ്. ഇനി നാം തുടങ്ങേണ്ടൂ നവസന്നാഹം ഭൂവിൽ
(ഒരു ചുവട് മുന്നോട്ടു വയ്ക്കുന്ന ഗ്രൂപ്പ്)

പാട്ട്

ലെനിൻ : ഒരിക്കൽ താങ്കൾ വെള്ളക്കാരനോടാ -
ജ്ഞാപിച്ചു വിടുകയിന്ത്യ -
ക്വിറ്റ് ഇന്ത്യ -
വിടുക ഇന്ത്യ മേഘമതു മാറ്റൊലിയാക്കി

സംഘം :

പ്രിയനാടിനെ ഡോളർ വിലക്കു
വില്ക്കുന്നവർക്കെതിരായുയരട്ടെ
ഇന്നതേ മുദ്രാവാക്യം.

(രണ്ടുപേർ ഗാന്ധിയുടെ വലതുവശത്തായി പുറത്തേക്ക് കൈ ചൂണ്ടി - ക്വിറ്റ് ഇന്ത്യാ. ഇടത്തു വശത്തായി രണ്ടു പേർ കൈ ചൂണ്ടി ക്വിറ്റ് എഷ്യ , ഒന്നിച്ച് ക്വിറ്റ് ആഫ്രിക്ക.

സംഘം :

പ്രിയ നാടിനെ ഡോളർ വിലക്ക്
വിൽക്കുന്നവർക്കെതിരായുയരട്ടെ
ഇന്നതേ മുദ്രാവാക്യം.
വിടുക ഏഷ്യ
വിടുക ആഫ്രിക്ക
മരണമേ വിടുക.

എന്നു പറഞ്ഞ് ഗാന്ധിയേയും ലെനിനേയും മുൻമ്പിൽ നിർത്തി കോറസ് 'V' ആകൃതിയിൽ നില്ക്കുന്നു.

കോറസ് : (വശങ്ങളിലുള്ളവർ മുന്നിലേക്ക് കൈകൾ നീട്ടുന്നു. നടുവിലുള്ളവർ (പാട്ടിനൊപ്പം) മുകളിലേക്ക് കൈകൾ ഉയർത്തുന്നു)

മരണമേ വിടുക
നിർത്തുകീകൊള്ള.

**നമ്മളൊന്ന്**

നരേറ്റർ: കഴിഞ്ഞ രണ്ടു വ്യാഴവട്ടക്കാലമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ശാസ്ത്രത്തെ സാമൂഹ്യ വിപ്ലവത്തിനുള്ള മഹത്തായ ആയുധമാക്കി വീണ്ടെടുക്കാനുള്ള പോരാട്ടം തുടർന്നുകൊണ്ടിരിക്കുകയാണ്. നാടിന്റെ വിവിധകോണുകളിൽ ഈ ആഹ്വാന ത്തിന്റെ ശക്തിയും പ്രസക്തിയും മാറ്റൊലികൊള്ളുകയാണ്.

(സംഘം) പതിയെ, യെങ്ങുമെങ്ങുമതി-
ന്നനുരണനങ്ങൾ
പതിയെ, യെങ്ങുമെങ്ങുമതിൻ
പ്രതിഫലനങ്ങൾ
നെഞ്ചുയർത്തി, യിന്ത്യയിൽ
നമുക്കു പാടുവാനൊരൊറ്റ
സംഘഗാനം

നരേറ്റർ: ഇന്ത്യയിലെങ്ങുമുള്ള നാനാഭാഷകളിൽ സംസാരിക്കുന്ന ഭിന്നജനസമൂഹങ്ങളെ മുഴുവൻ ഒരു ചരടിൽ കോർത്തതുപോലെ ബന്ധിപ്പിക്കുന്ന ഒരു മോചനഗീതമായി ഈ സന്ദേശം പതിയെ മാറിത്തുടങ്ങുകയായി.

ചോരയും, വിയർപ്പും, അക്ഷരവും, കുഴച്ചെടുത്ത് തന്റെ സംസ്കാരമുണ്ടാക്കിയ മലയാളിയുടെ കണ്ഠത്തിൽ നിന്നും ആദ്യം ഈ സിംഹഗർജ്ജനമുയർന്നു.

(സംഘം) "എതിരുകളോടേറ്റുമുട്ടി-
യേറ്റുമുട്ടി, യവനവന്റെ
പ്രതിരോധം പലകാലം
കൊണ്ടു വളർത്തി
ഇരുളടഞ്ഞ ഭൂതകാല
ഗഹ്വരത്തിൽ നിന്നുമവൻ
അറിവുകളുടെ പുതിയ
വെട്ടമെങ്ങുമുയർത്തീ"

(സംഘം ഗുജറാത്തി നാടോടി നൃത്തം ചെയ്യുന്നു)

ജാഗാരെ ജാഗാരെ
ജാഗാ ജരാ സൻസാർ
അരെ
ജാഗാരെ ജാഗാരെ
ജാഗാ ജരാ സൻസാർ

നരേറ്റർ: മേലാളന്റെ വരുതിയ്ക്ക് വഴങ്ങാത്തവനെ ഹരിജൻ എന്ന ഓമനപ്പേരിട്ട് കിഴങ്ങ് ചുടുന്നതു പോലെ ചുട്ടുകൊല്ലുന്ന, ഗാന്ധിയുടെ ജന്മനാട്ടിൽ ഗുജറാത്തിൽനിന്നും കത്തിയെരിയുന്ന മാംസത്തിന്റെ രൂക്ഷഗന്ധത്തിനു നടുവിൽ നിന്നും മാനവികതയുടെ ഈ നിതാന്തസുഗന്ധം പൂത്തുലഞ്ഞു.

ലഡ് ലഡായി തക്ലിവോഥി
യുഗ് യുഗോഥി ലഡ്തെ ആവ്യോ,
യെലിഥെ വികാസ്നെ
ഇതിഹാസ്ഥയോം
ഭൂതകാൽ നി അന്ധാരി
ഗുഹാഓഥീ മാനവീയ്
സർവ്വ് ജഗ്ഹ് ഗ്യാൻ
ജ്യോതി നവീ ജഗാവി
ജവാബ് ഛെ ആ
ജവാബ് ഛെ

(സംഘം ആക്ഷൻ. തുടർന്ന് തമിഴ് നാടോടിനൃത്തം)

കത്തിരിക്കാ കൊത്തമല്ലീ
കീരയോടവേ
കൊത്തുസെബാ പച്ചരശീ

സോറു കേക്കലൈ
നെത്തലി മീന് കൊഴമ്പച്ച
നെയ്മണത്തിലെ
കൊത്തുകറി കോഴിയോടെ
വിറുന്ത് കേക്കലൈ
നാങ്ക കേട്ടതെല്ലാം
കമ്പം കൂഴ്, ആനാൽ
കെടച്ചതെല്ലാം കേപ്പക്കൂഴ്

നാരേറ്റർ: തഞ്ചാവൂർ ചോളവയലുകളിലെ പാവപ്പെട്ട കൃഷിക്കാരനും മധുരയിലെ തുണിമിൽതൊഴിലാളിയും വെള്ളിത്തിരയിലെ നിഴലുകളിൽ കരുങ്ങിജീവിക്കുന്ന തമിഴകത്തിന്റെ ദു:ഖം മുഴുവൻ നെഞ്ചിലുറക്കി അതേറ്റുപാടി.

(സംഘം ആക്ഷൻ)

യുഗ യുഗമായ് ഇയർക്കയോടു
മുട്ടിമോതി സണ്ടയിട്ട്
അഴിയാമൽ സുയവലത്താൽ ഉയർന്തു നിന്റെ
ഇരുളടൈന്ത പഴങ്കാല
ഗുഹയിർന്ത് വെളിയേറി
അറിവെണ്ണം ഒളിപ്പന്തം
ഏറ്റ് പിടിത്താർ
ഒന്റു താൻ ബദിൽ ഒന്റു താൻ

(സംഘം ഹിന്ദി നാടോടി നൃത്തം ചെയ്യുന്നു)

അര ജൂൽമുക്കാ ജമാനാ
ബീത്തേഗാ ബീത്തേഗാ
ഔർ ജൂൽമുക്കാ ജമാനാ
ബീത്തേഗാ ബീത്തേഗാ

നരേറ്റർ: ജാതിയും മതവും ഗോത്രവും ഇഴപിരിച്ചു വികലമാക്കിയ വടക്കെ ഇന്ത്യയുടെ രക്തഗന്ധമുള്ള മണ്ണിൽ നിന്നും ഒരു സാന്ത്വനം പോലെ, ചൂണ്ടുപലക പോലെ ഹൃദയസംഗീതത്തിന്റെ തഴുകുന്ന ഈ കൈകളുയർന്നു.

(സംഘം ആക്ഷൻ)

യുഗ്സെ
ലഡ് ലഡായി തഖ്ലിഫോംസെ
യുഗ് യുഗോം സെ
ലഡ്തെ ആയി കിസി തരഹ്സെ
ഹുവ വികാസ് ബന ഇതിഹാസ്
ഭൂതകാൽ കി അന്ധേരി
ഗോഹോം സെ ഉസ്നെ
സഭീ ജഗ്ഹ് ഗ്യാൻജ്യോതി
ഉസ്നെ ബഡായി
ജവാബ് ഹെ യഹി ജവാബ് ഹെ

നരേറ്റർ: വാടകസന്യാസിമാർ മന്ത്രം ചൊല്ലി മഴപെയ്യിക്കാൻ ഒരു ജനതയുടെ മുഴുവൻ കണ്ണുകെട്ടുന്ന കർണ്ണാടകത്തിന്റെ ഉപവനങ്ങളിൽ നിന്നും സത്യത്തിന്റെ ഈ നക്ഷത്രവെളിച്ചം ആകാശങ്ങളിലുയർന്നു.

(സംഘം കന്നട നാടോടി നൃത്തം ചെയ്യുന്നു)

ഒരു കൊടി എടുത്തു പോട്ടാലും
ഓരായിരം ബാവുക്കാ
ആ ശനിക്കാ പുസനിക്കാ
ഗാവേ നഗാ

(ആക്ഷൻ)

കഷ്ടകളോടെ ഹോറാടി സെനസാടി
യുഗയുഗദെ

താഴ്മയിന്ത നാനുതന്ത
ഇതിഹാസവ കട്ടികൊണ്ടനു
ഗതകാലദ കത്തലിന
ഗുഹകളൊള ഗി
നിന്ത ഹൊസതു
നാന ബളഗ നെത്തി—
യെത്തി, യെത്തി ഹിടിതനു
ഉത്തരാ അതിനൊന്റേ ഉത്തരാ......

നരേറ്റർ: തെലുങ്കാനയുടെ ചെറുത്തുനില്പും ശ്രീകാകുളത്തിന്റെ പൗരുഷവും ഈ പുതിയ തുയിലുണർത്ത് തുടികൊട്ടിപ്പാടി.

(സംഘം തെലുങ്ക് നാടോടി നൃത്തം ചെയ്യുന്നു)

ലാലാലെ ലാലാലെ
ലാലാലെ ലും ലാ
(ആക്ഷൻ മാറുന്നു)
റഗ് റഗാല കഷ്ടാലന
യെന്തിരിഞ്ചി യെതിരിഞ്ചി
യുഗ യുഗാലു ഗാത്താനെയ്
നിർമ്മിഞ്ചന ഈ ശക്തി
തറതറാല ചീകട്ട്ലന
ചേദിഞ്ചി തനിമികൊട്ടി
നാനദീവി കലനു മനകൂ
പ്രസാദിഞ്ചി നാടു
ജവാബു അതി ഒക്കെ ജവാബു

നരേറ്റർ: അതേ, ഞങ്ങൾ ചരിത്രത്തിന്റെ ഭിന്നഭാഷകളിൽ നിന്നും ആഴങ്ങളിൽ നിന്നും ഒരു ചോദ്യം, ഒരു ചോദ്യം നിങ്ങളുടെ മുഖത്തേക്ക് വലിച്ചെറിയുന്നു....
ഈ ഭൂമിയിലെ സർവ്വസൗന്ദര്യങ്ങളും സൃഷ്ടിച്ചതാര്?

(സംഘം ഒത്തുപാടുന്നു- ആക്ഷൻ)

ഉത്തരം അതിനൊറ്റയുത്തരം
അദ്ധ്വാനിക്കുന്ന മനുഷ്യൻ
ചരിത്രത്തിൻ ചക്രം തിരിച്ച മനുഷ്യൻ
ഉത്തരം അതിനൊറ്റയുത്തരം

(സംഘം നീങ്ങി മറയുന്നു)

## സാക്ഷി

### കരിവെള്ളൂർ മുരളി

(താളത്തിൽ ചെറിയ ചലനങ്ങളോടെ സ്റ്റേജിന്റെ രണ്ടു ഭാഗത്തുനിന്നും 2 ഗ്രൂപ്പുകൾ പാടിക്കൊണ്ട് മുൻ സ്റ്റേജിലേക്ക് കടന്നുവരുന്നു.

പൂവുകൾ വിരിയുന്നതിനും കൊഴിയുന്നതിനും
പാടം വിളയുന്നതിനും കൊയ്യുന്നതിനും
കിളികൾ പാടുന്നതിനും പുഴകൾ കവിയുന്നതിനും
കാലം മാറുന്നതിനും സാക്ഷി ഈ ആകാശം
ഈ നീലാകാശം.

(കിളികൾ പാടുന്നതിനും എന്ന വരി ആരംഭിക്കുമ്പോൾ സ്റ്റേജിന്റെ വലത് ഭാഗത്ത് നിൽക്കുന്ന ഗ്രൂപ്പ് മുഴുവനും ഇടതു ഭാഗത്തേക്കും, പുഴകൾ കവിയുന്നതിനും എന്ന് പാടാൻ ആരംഭിക്കുമ്പോൾ ഇടതുഭാഗത്ത് നിൽക്കുന്ന ഗ്രൂപ്പ് മുഴുവനും വലതുഭാഗത്തേക്കും ചലിക്കുന്നു. ഈ ആകാശം ഈ നീലാകാശം എന്ന വരി എത്തുമ്പോൾ കൈകൾ വാനിലേക്കുയർത്തി സ്റ്റേജിന്റെ മദ്ധ്യഭാഗത്ത് ഒരു വൃത്തം സൃഷ്ടിക്കുന്നു.)

ഒരാൾ വൃത്തത്തിനു നടുവിൽ നിൽക്കുന്നു. തുടർന്ന് തകിടതകതിമി തകിടതകതിമി എന്ന താളം. ഈ താളത്തിനനുസരിച്ച് ചലനം.

ഈ നദീതടഭൂവിൽനിന്ന് വിടർന്നു സംസ്കാരം
ഈ നദീതടഭൂവിൽനിന്ന് പടർന്നു വിജ്ഞാനം

(ഈ വരികൾ രണ്ടു പ്രാവശ്യം പാടുമ്പോഴേക്കും വൃത്തത്തിലുള്ള കോറസ്സ് ഇരിക്കുകയും
നടുക്ക് ഇരുന്നിരുന്നയാൾ ഒരു കയ്യിൽ പന്തവുമായി എഴുന്നേറ്റ് വരികയും ചെയ്യുന്നു.)

ഈ മനോഹരഭൂവിലേക്ക് കുതിച്ചുവന്നെത്തി
കീഴടക്കാൻ കടലിനക്കരെനിന്നു വൻശക്തി.

(കുതിച്ചു വന്നെത്തി എന്നു പാടുമ്പോഴേക്കും നടുവിൽനിന്നയാൾ വൃത്തത്തിനുള്ളിൽനിന്നും മുൻഭാഗത്തേക്ക് കുതിച്ചുചാടുന്നു. അദ്ദേഹത്തിന്റെ വലത്തേ കയ്യിൽ പിടിച്ചുകൊണ്ട് 'V'ആകൃതിയിൽ ഗ്രൂപ്പ് ഇരിക്കുന്നു. 'ഈ മനോഹര' എന്ന വരികൾ വീണ്ടും പാടുകയും അതിനനുസരിച്ച് സ്റ്റേജിന്റെ ഇടതുഭാഗത്തേക്ക് ഗ്രൂപ്പ് ചലിക്കുകയും ചെയ്യുന്നു.)

പണ്ട് പടിഞ്ഞാറന്മാർ കാടുകളിൽ
നായാടി തേടിയലഞ്ഞ് നടന്നൊരു കാലം
ഉണ്ടായിവിടെ വളർന്നൊരു സംസ്കൃതി
അമ്പേ തകർന്നു പടയിൽ
അമ്പേ തകർന്നു പടയിൽ.

(ഈ വരികൾ ആരംഭിക്കുമ്പോൾ സ്റ്റേജിന്റെ ഇടതുഭാഗത്ത് ഇരിക്കുന്ന കോറസ് എഴുന്നേറ്റ് ഗ്രൂപ്പായി മൃഗീയമായ ചേഷ്ടകൾ പ്രകടിപ്പിക്കുന്നു. നാക്ക് പുറത്തേക്ക് തള്ളി ദീർഘശ്വാസം വിടുന്ന അവസ്ഥയാണ് അഭികാമ്യം.)

പടയോട്ടം....

(പടയോട്ടത്തിന്റെ ശബ്ദം പുറകിൽനിന്നും. തുടർന്ന് ക്ഷീണിതരായ കോറസ്. മുൻ സ്റ്റേജിൽ നിരന്നുനിൽക്കുന്നു. നടുക്ക് ഒരു സ്ത്രീ–)

പടയോട്ടം വൻകരയാകെ
കൊടിയേറ്റം കോളനിവാഴ്ച
മുടിചൂടിയ മന്നന്മാരുടെ
തുടലിട്ട് വലിയ്ക്കും വാഴ്ച.

(നിരയിൽ നടുക്ക് നിൽക്കുന്ന സ്ത്രീയുടെ കഴുത്തിൽ കയറിട്ട് കപ്പിയിലൂടെ പിറകിൽനിന്നും ഒരാൾ വലിച്ച് കയറ്റുന്ന മൈമിംഗ് വർക്ക്.)

പല കോടി മനുഷ്യർ തന്നുടെ
ക്രയശേഷി വലിച്ച് കുടിച്ച്
പുതുദൈവമിതൊന്നു പിറന്നൂ
മൂലധനം
അതു കോളനി തന്നിൽ വസിയ്ക്കും
ജനതകളുടെ ചോരകുടിച്ച്
അലറുന്നു ചെകുത്താനായി
സാമ്രാജ്യത്വം–

(ഇതിൽ മൂലധനം എന്ന വരി എത്തുമ്പോഴേക്കും സ്റ്റേജിന്റെ പിറകിൽനിന്നും കറുത്ത കോട്ട് ധരിച്ച് ഉയർന്ന പല്ലുകൾ കാട്ടി സാമ്രാജ്യത്വം പതിയെ വേദിയിലേയ്ക്ക്. പാട്ട് അവസാനിക്കുമ്പോഴേക്കും അലറിയാർത്ത് നിൽക്കുന്ന സാമ്രാജ്യത്വം. നിരനിരയായി നിൽക്കുന്ന മനുഷ്യരുടെ രക്തം ഊറ്റിക്കുടിക്കുന്ന മൈമിംഗ്. കോറസ് മുഴുവനും തളർന്നു സ്റ്റേജിൽ വീഴുന്നു. സാമ്രാജ്യത്വത്തിന്റെ താണ്ഡവം. തുടർന്ന് ഒരാളുടെ ദേഹത്ത് ചവിട്ടി നിൽക്കുന്നു.)

അതിമോഹം അധികാരത്തിൻ
അതിരില്ലാ വ്യാപനമോഹം

അതിനാലേ നടന്നു ലോകമഹായുദ്ധങ്ങൾ
പല കോടികൾ വെന്തു മരിച്ചൊരു
പടതീർന്നു മടങ്ങുംനേരം
വിജയക്കൊടി പാറീ കോളനി സ്വാതന്ത്ര്യത്തിൻ.

(പാട്ട് അവസാനിക്കുമ്പോൾ സാമ്രാജ്യത്വം പതിയെ തിരികെപോയി സ്റ്റേജിന്റെ ഒരു മൂലയിൽ ഇരിക്കുന്നു. കോറസ് പുതിയ പുലരിയുടെ കിരണങ്ങളേറ്റ് സന്തോഷത്തോടെ എഴുന്നേറ്റ് വരുന്നു. പെട്ടെന്ന് പേടിച്ച് വിറച്ച് കൈകൾ കോർത്തുപിടിച്ച് പരമാവധി ചുരുങ്ങി വരിയായി നിൽക്കുന്നു.)

പടകൂട്ടി തമ്മിലിടഞ്ഞൊരു
കുടിലതകൾ മരിച്ചില്ല
പലനാട് കടിച്ചുകുടഞ്ഞ
വിഷപ്പല്ലുകൾ പോയില്ല.

(ഈ വരികൾക്കനുസരിച്ച് കൈകൾ കോർത്ത് ചുരുങ്ങി നിൽക്കുന്ന കോറസ് വലത്തോട്ടും തുടർന്ന് ഇടത്തോട്ടും പേടിയോടെ ചെറുതായി ചലിക്കുന്നു.)

പല വഴികൾ നൽകിയ കടവും
കടമതിനാൽ കെട്ടിയ കെണിയും
ഒടുവിൽ പുതുകോളനി വാഴ്ചയ്ക്ക-
    ടിപാകിയവർ-

(എന്ന വരികൾ പാടി രണ്ടറ്റത്തുനിന്നും ഓരോ ആളിന്റേയും കൈകൾക്കിടയിലൂടെ നീങ്ങി ഒരു വലിയ കെണിയായി സാമ്രാജ്യത്വത്തിന്റെ കാൽക്കീഴിൽ ചെന്നുവീഴുന്നു.)

(സാമ്രാജ്യത്വം എഴുന്നേറ്റ് വീണ്ടും ഭീകരരൂപം കൈക്കൊള്ളുന്നു.

അവർ നമ്മുടെ സ്വപ്നങ്ങൾ
അവർ നമ്മുടെ സ്വാതന്ത്ര്യം
അവർ നമ്മുടെയെല്ലാമെല്ലാം
കവരാനെത്തുന്നു.
അവർ നമ്മെ വീണ്ടും വന്ന്
വിഴുങ്ങാനെത്തുന്നു

സാമ്രാജ്യത്വത്തിനരികെ നിൽക്കുന്ന കെണിയിലകപ്പെട്ട കോറസ് പേടിച്ച് സ്റ്റേജിന്റെ മറുഭാഗത്തേക്ക് അതേ രൂപത്തിൽതന്നെ നീങ്ങുന്നു. ഒപ്പം ആ ഭാഗത്ത് ഒരു വൃത്തം സൃഷ്ടിക്കുന്നു.)

ചുടലകളും മറുതയുമിളകും
നടുപാതിരനേരംപോലെ
ശിഖരങ്ങളനങ്ങുന്നു
ചുടുകാറ്റുകൾ വീശുന്നു.

(ഈ വരികൾ ആവർത്തിച്ച് പാടിക്കൊണ്ട് കൈകൾ വാനിലുയർത്തി ഗ്രൂപ്പായി കാറ്റിന്റെ ഗതിക്കനുസരിച്ച് ആടിയുലയുന്നു.)

നിറയെ സ്വപ്നങ്ങളുമായി
പ്രതിരോധ ശരങ്ങളുമായി

(നിറയെ സ്വപ്നങ്ങളുമായി എന്ന വരി തുടങ്ങുമ്പോൾ ഗ്രൂപ്പ് മുഴുവനും ഇടത് കൈ മുന്നോട്ട് നീട്ടി മാർച്ച് ചെയ്യാൻ പാകത്തിൽ ഗ്രൂപ്പായി നിൽക്കുന്നു. പ്രതിരോധശരങ്ങളുമായി എന്ന് തുടങ്ങുമ്പോൾ വലത്തേ കൈ പിറകിൽനിന്നും ശരം എടുക്കുന്നതായി അഭിനയിക്കുന്നു.)

കുതികൊള്ളുക കുതികുതികൊള്ളുക
പുലരി വിളിക്കുന്നു.
പടകൂട്ടാൻ കാലം നമ്മെ മാടിവിളിയ്ക്കുന്നു.

(കുതികുതികൊള്ളുക എന്ന് പാടിതുടങ്ങുമ്പോൾ ഗ്രൂപ്പ് മുഴുവനും മുൻപിൽ. ഒരാൾ സ്റ്റേജിന്റെ

മുൻഭാഗത്ത് ഇടത്തേ മൂലയിലേക്ക് താളത്തിനനുസരിച്ച് മാർച്ച് ചെയ്യുന്നു. കാലുകൾ നിരക്കിവയ്ക്കുക.) പാട്ട് തീരുമ്പോഴേക്കും ഗ്രൂപ്പ് ഇടത്തേ മൂലയിലേക്ക് എത്തിയിരിക്കണം.)

(പാട്ട് ഒരു പ്രാവശ്യംകൂടി പാടുക.)

സമരം
ഇത് സ്വാതന്ത്ര്യത്തിൻസമരം-
ഇത് സ്വാതന്ത്ര്യത്തിൻസമരം- (3)

(സമരം എന്ന് തുടങ്ങുമ്പോൾ ഗ്രൂപ്പ് ഗ്രേറ്റ് മാർച്ചിന്റെ രൂപത്തിൽ ആകുന്നു.) ഗ്രേറ്റ് മാർച്ചിൽതന്നെ അവസാനിക്കുന്നു.)

## ഐക്യഗാഥ

വേദിയിൽ അധ്വാനത്തെ സൂചിപ്പിക്കുന്ന മൂന്നു ശില്പങ്ങൾ. അവ ഒരു താളക്രമത്തിൽ രണ്ടു ഘട്ടങ്ങളായി തകർന്നുവീഴുന്നു. നരേറ്റർ പ്രവേശിച്ച് ഈ തകർച്ചയെ നോക്കിക്കാണുന്നു. എന്നിട്ട് പ്രേക്ഷകരെ നോക്കി വികാരത്തോടെ-

നരേറ്റർ : ആവർത്തിക്കപ്പെടുന്ന ക്രൂരമായ ഒരു ഫലിതംപോലെ മതത്തിന്റെ പേരിൽ ജാതിയുടെ പേരിൽ ഭാഷയുടെ പേരിൽ പ്രാദേശികത്വത്തിന്റെ പേരിൽ നിഷ്ഫലമായ ഈ ചോര ചൊരിച്ചിൽ തുടർന്നുകൊണ്ടേയിരിക്കുന്നു. മനുഷ്യനെ വിഭാഗീയതയുടെ മതിലുകൾക്കകത്താക്കി ഒരുവൻ അപരന്റെ കുടൽമാല കുത്തിക്കീറാൻ പല വേഷങ്ങളിട്ടു വന്ന് ഒരേ കത്തി തീർത്തു കൊടുക്കുന്ന കുടിലവർഗ്ഗമേ നിന്റെ ദുർമോഹങ്ങൾക്കെതിരെ ഞങ്ങൾ മനുഷ്യർ തൊണ്ടപൊട്ടി പാടുകയായ്-പാടാം നമുക്കൊത്തു പാടാം.

നരേറ്റർ : പാടാം നമുക്കൊത്തു പാടാം.

(കോറസ് താഴെനിന്ന് പാടിക്കൊണ്ട് എഴുന്നേൽക്കുന്നു.)

പാടാം നമുക്കൊത്തു പാടാം
(ഇത് കോറസ് ഏറ്റുപാടുന്നു.)

നരേറ്റർ : കുത്തിക്കുടൽമാല കീറുമീ ഇന്ത്യതൻ
മക്കളെ ഓർത്തു നാം ഒത്തുപാടാം
പാടാം-മനുഷ്യമനസ്സിൽ
സംഗീതം നുരയുന്നതു നിറയുന്നതു വരെ നാം പാടാം
പാടാം-ആസുരതകളൊഴിയുന്നതു തെളിയുന്നതു കനിവിന്റെ
തെളിയുറവകൾ കിനിയുന്നതുവരെ നാം
തുടികൊട്ടി പാടാം.

(ഈ പാട്ടു പാടിക്കൊണ്ടിരിക്കുമ്പോൾ കോറസ് വളഞ്ഞുപുളഞ്ഞൊഴുകുന്ന ഒരു പുഴയുടെ മാതൃകയിൽ ഒരു വശത്തു ചെന്ന് കൈ ഉയർത്തിയിട്ട് പാടുന്നു.)

തുടികൊട്ടിപ്പാടാം....
തുടികൊട്ടിപ്പാടാം....

അതുപോലെ മറുവശത്തും ഈ ആംഗ്യം കാണിക്കുന്നു.

കോറസ് : പാടാം പാടാം പാടാം....

ഒരുവൻ മറ്റൊരുത്തനെ ആക്രമിച്ച് തിരിച്ചോടുമ്പോൾ മറ്റൊരുവൻ വന്ന് അവനെ കുത്തുന്നു. ആകെ കൂട്ടക്കലാപം. അക്രമാസക്തരായ ഒരു കൂട്ടം ജനങ്ങളെ തടയുന്ന ഒരാൾ മുമ്പിൽ. പിന്നിലുള്ളവർ തള്ളിക്കയറാൻ ശ്രമിക്കുന്നു. പട്ടാളം രംഗത്ത് മാർച്ച് ചെയ്യുന്നു. വെടികൊണ്ട് ജനങ്ങൾ പിടഞ്ഞുവീഴുന്നു. (സ്റ്റിൽ)

നരേറ്റർ : ഹിന്ദുവും, കൃസ്ത്യനും സിക്കും മുസൽമാനു-
മെന്നെല്ലാമായ് നാം ശിരസ്സു കീറി
ഹിന്ദി തെലുങ്ക് തമിഴ് കന്നഡ-പിന്നെ
എന്തിനെല്ലാം വേണ്ടി നെഞ്ചു കീറി

(കോറസ് ഒരു നിർമ്മാണപ്രവർത്തനം ഒരു വായ്ത്താരിയുടെ പശ്ചാത്തലത്തിൽ നടത്തുന്നു.)

തെയ് തിത്തക തെയ് തിത്തക....
തെയ് തിത്തക തെയ് തിത്തക....

ഈ ജോലിക്കിടയിൽ ഒരാൾക്ക് അപകടം സംഭവിക്കുന്നു. കൂടെ ജോലി ചെയ്യുന്നവർ സ്തംഭിച്ചുനിൽക്കുന്നു. തൊഴിലുടമ കടന്നു വന്ന് അപകടം പറ്റി പണിയെടുക്കാൻ കഴിയാതെ നിൽക്കുന്ന ആളെ തള്ളിമാറ്റുന്നു. കൂടെയുള്ളവർ അയാളെയെടുത്ത് ഒരു ഗ്രൂപ്പായി നിൽക്കുന്നു. തൊഴിലുടമ അടിക്കാൻ ഒരുങ്ങുന്നു. ഗ്രൂപ്പ് മുഷ്ടി ചുരുട്ടി പ്രതികരിക്കുന്നു. ഇതു കണ്ട് തൊഴിലുടമ പതുക്കെ പുറകോട്ട് വലിയുന്നു. എന്നിട്ട് ഗ്രൂപ്പിലെ ചിലരെ വശീകരിച്ച് സംഘത്തെ പിളർക്കുന്നു. (വായ്ത്താരി മുറുകുന്നു.) രണ്ടു ഗ്രൂപ്പുകൾ തമ്മിൽ തല്ലി തലകീറിച്ചാകുന്നു. (സ്റ്റിൽ).

നരേറ്റർ : ഹിന്ദുവും കൃസ്ത്യനും സിക്കും മുസൽമാനും
എന്തെല്ലാമായ് നാം ശിരസ്സുകീറി (പഴയ ഈ വരികൾ തുടരുന്നു) കോറസ് ഇതേറ്റുപാടിക്കൊണ്ട് രണ്ടു ഗ്രൂപ്പുകളായി വശങ്ങളിലേക്ക് മാറുന്നു.

കോറസ് (1) : ഹിന്ദി ഒഴിക തമിഴ് വാഴ്ക.

കോറസ് (2) : ഹിന്ദി ഹമാരാ രാഷ്ട്ര ഭാഷ

(ഈ രണ്ടു മുദ്രാവാക്യങ്ങൾ രണ്ടു ഗ്രൂപ്പുകളും ശക്തിയായ് വിളിച്ച് അക്രമത്തിൽ കലാശിക്കുന്നു.)

നരേറ്റർ : ചിന്തുന്നതെന്തിളം ചോര
സ്വന്തം ഉടപ്പിറന്നോന്റെ ചോര

(കോറസ് ഇതേറ്റുപാടുന്നു. ഈ സമയത്ത് കോറസ് ആദ്യത്തെ അധ്വാനത്തെ സൂചിപ്പിക്കുന്ന ശില്പമായി മാറുന്നു.)

നരേറ്റർ : അംഗം കലിംഗം പാടലീപുത്രം
വംഗദേശത്തിൻ മലഞ്ചെരിവും
പഞ്ചാബും ആസാമും ഉത്തരാഖണ്ഡവും
ഇന്ദ്രപ്രസ്ഥത്തിലും രക്തഗന്ധം

(ഇപ്പോൾ കോറസ് ഇരുവശങ്ങളിൽനിന്നും ആയുധങ്ങളുമായി (വടി) തയ്യാറെടുപ്പോടെ നിൽക്കുന്നു.)

നരേറ്റർ : (നടുവിലൂടെ ഓടിവന്നിട്ട്)
മേഘാലയത്തിൽ മിസോറാം മണിപ്പൂരിൽ
ഏതാണു ശാന്തം നിതാന്തഭദ്രം
(ഇത് കോറസ് ഏറ്റുപാടി തമ്മിലടിക്കുന്നു. സ്റ്റിൽ).

നരേറ്റർ : രണ്ടായിരം നാഴികയ്ക്കപ്പുറം
ദീഗോഗാർഷ്യയിൽ, ലാഹോറിൽ, ശ്രീലങ്കയിൽ

(കോറസ് ഈ സമയത്ത് അതിർത്തിയിൽ സേന ശത്രുവിനെ നോക്കിക്കൊണ്ടു നിൽക്കുന്ന സീൻ. രണ്ടു താളവട്ടസമയം ഇതേ സീൻ തുടരുന്നു.)

നരേറ്റർ : രണ്ടായിരം നാഴികയ്ക്കപ്പുറം
ദീഗോഗാർഷ്യയിൽ, ലാഹോറിൽ, ശ്രീലങ്കയിൽ

എന്തിനിന്നിന്ത്യയ്ക്കു ചുറ്റും ഉറങ്ങാതെ തഞ്ചംപാർക്കും
ചതിക്കണ്ണുകൾ

നരേറ്റർ : കഴുകന്റെ നഖമുനകൾ കൊക്കുകൾ കണ്ണിൽ
നിന്നൊഴിയാതെ വഴിയുന്ന രക്തദാഹം

(ഈ സമയത്ത് കോറസ് കൈയിലുള്ള വടി ഉപയോഗിച്ച് കഴുകന്മാർ വട്ടമിട്ടു പറക്കുന്ന സീൻ അഭിനയിച്ച് ഇരുവശങ്ങളിലേക്കും താളാത്മകമായി പോകുന്നു.)

കഴുകന്റെ കയ്യാളുകൾ പല വേഷങ്ങൾ
പല ജാതികൾ പല മതഭ്രാന്തുകൾ

(കോറസ് ഈരണ്ടുപേർ ഈരണ്ടുപേർ ചേർന്ന് അക്രമം. സ്റ്റിൽ)

നരേറ്റർ : അവയുടെ കുടിലമോഹങ്ങൾ ചുരത്തുന്ന
വിഷമാണിതൊഴുകുന്നതെന്നുമെന്നും
(കോറസ്) അതു തുടച്ചെറിയുവാൻ സ്നേഹനറുന്തേൻ
ഒഴുകിപ്പരക്കുവാൻ അതിനു പാടാം
പാടാം മനുഷ്യമനസ്സിൽ സംഗീതം
നുരയുന്നതു നിറയുന്നതുവരെ നാം പാടാം.

(കോറസ് ഈ സമയത്ത് പാടിക്കൊണ്ട് വേദിക്കു നടുവിൽ വന്ന് ഒരു ശില്പമായി മാറുന്നു.)

## അമ്മ പറയുന്നു

ഇന്ത്യയുടെ ഭൂപടത്തിനു മുന്നിൽ നിൽക്കുന്ന ഭാരതാംബ.

പാട്ട്–

"മകനേ ഇതിന്ത്യയുടെ ഭൂപടം...." (2)
പല നിറക്കൂട്ടുകൾ പല നാടുകൾ
ഇടയ്ക്കിലപൊഴിഞ്ഞെല്ലിച്ച
ജീവിതക്കാടുകൾ....
മകനേ....ഇതിന്ത്യയുടെ ഭൂപടം.

ഒരു കുട്ടി വരുന്നു....കീശയിൽനിന്ന് ഗോലി എടുത്തു കളിക്കുന്നു. അതുപേക്ഷിച്ച് ഒരു ബലൂണെടുത്ത് വീർപ്പിക്കുന്നു. ബലൂൺ പൊട്ടുന്നു. ഞെട്ടി....ചുറ്റും നോക്കിയിട്ട്.

കുട്ടി : അമ്മേ ഞാനെത്തി, പഠിക്കാൻ തുടങ്ങ്വാണ്ട്ടൊ....(അലമാരിയിൽനിന്ന് പുസ്തകമെടുത്ത് വായിക്കാൻ തുടങ്ങുന്നു. സ്റ്റേജിനു നടുവിൽ ഭാരതാംബയ്ക്കു മുന്നിലുള്ള സ്റ്റൂളിൽ ഇരുന്നുകൊണ്ട്.)

നമ്മുടെ നാട് ഭാരതം. വടക്ക് ഹിമാലയം തൊട്ട് തെക്ക് കന്യാകുമാരിവരെ പരന്നുകിടക്കുന്ന നമ്മുടെ മാതൃഭൂമിയ്ക്ക്....

(അമ്മയോട്) അമ്മേ ഞാൻ വായിക്കുന്നത് കേൾക്കുന്നില്ലേ?

ഉജ്ജ്വലമായ സാംസ്കാരിക പൈതൃകമുണ്ട്. വിവിധ സംസ്കാരങ്ങളും ഭാഷകളും മതങ്ങളും ഭാരതത്തിലുണ്ടെങ്കിലും നാനാത്വത്തിൽ ഏകത്വമെന്ന ആശയമാണ് നാമെക്കാലത്തും സ്വീകരിച്ചുപോന്നിട്ടുള്ളത്. അഖണ്ഡ....ആ....ഖണ്ഡഭാരതത്തിന്റെ അടിസ്ഥാനശില സഹിഷ്ണുതയാണ്. നൂറ്റാണ്ടുകളായി നാം ഒറ്റ മനസ്സായി ഈ പുണ്യഭൂമിയിൽ പുലരുന്നു. (കുട്ടി അത് ആവർത്തിച്ച് വായിക്കുന്നു. വായന fade ആകുന്നു. ഒരു സ്ത്രീ കരഞ്ഞുകൊണ്ട് അരങ്ങിൽ പിന്നിൽ വലതുമൂലയിൽനിന്ന് മുന്നിൽ ഇടതുമൂലയിലേക്ക് വന്നു വീഴുന്നു....ഹമ്മിങ്ങ്....) (ഭാരതാംബ നടന്നുവന്ന് സ്ത്രീയെ എഴുന്നേൽപ്പിച്ച് ചോദിക്കുന്നു.)

ഭാര : നീയാര്?

സ്ത്രീ : ഞാൻ....ഞാനമ്മ....പഞ്ചാബിലെ നിറഞ്ഞ ഗോതമ്പുവയലുകളിലെവിടെയോവച്ച് ഒന്നു നിലവിളിക്കാൻപോലും നേരം കിട്ടാതെ വെടിയുണ്ടകളേറ്റ് പിടഞ്ഞുവീണ മക്കളുടെ അമ്മ.... എല്ലാം നഷ്ടപ്പെട്ട അമ്മ....(പൊട്ടിക്കരഞ്ഞുകൊണ്ട് ഭാരതാംബയുടെ തോളിലേയ്ക്കു ചായുന്നു. ഭാരതാംബ സ്ത്രീയുമായി ഭൂപടത്തിനു മുന്നിലേയ്ക്ക് വരുന്നു. ഹമ്മിങ്ങ്...., കുട്ടി വായന തുടരുന്നു.)

– വാർത്തകൾ – (ടി.വി. വാർത്തകൾ എന്ന title വരുന്നതുപോലെ അഞ്ചുപേർ. സ്റ്റേജിന്റെ ഒരു വശത്തുനിന്ന് കുട്ടിയുടെ മുന്നിലേയ്ക്ക് വന്ന് നിരന്നുനിൽക്കുന്നു.)

കോറസ് 1. : പഞ്ചാബിലെ ജലന്ധർ ജില്ലയിൽ ഒരു കർഷകകുടുംബത്തിലെ 9 പേരെ ഭീകരർ വധിച്ചു.

2. : കാശ്മീരിൽ വിവിധ സ്ഥലങ്ങളിലുണ്ടായ അക്രമങ്ങളിൽ സ്കൂൾ കുട്ടികൾ ഉൾപ്പെടെ 7 പേർ മരിച്ചു.

3. : ആസ്സാമിൽ ഭീകരർ സർക്കാർ ബസ്സ് തടഞ്ഞുനിർത്തി തീകൊളുത്തി. തീപിടുത്തത്തിൽപ്പെട്ട് മൂന്നു സ്ത്രീകൾ ഉൾപ്പെടെ നിരവധിപേർ മരിച്ചു.

4. : പോലീസുമായുണ്ടായ ഏറ്റുമുട്ടലിൽ 12 തീവ്രവാദികൾ കൊല്ലപ്പെട്ടു.

(സംഘം തിരികെ പോകുന്നു. കുട്ടിയുടെ വായന വീണ്ടും കേട്ടുതുടങ്ങുന്നു. നാനാത്വത്തിൽ ഏകത്വ....)

കുട്ടി : അമ്മേ ഈ പഞ്ചാബിലും ആസാമിലുമൊക്കെ എന്തിനാ ഇങ്ങനെ ആളുകളെ കൊല്ലണത്? (ഉത്തരത്തിനുവേണ്ടി സ്വൽപ്പം കാത്ത് വായന തുടരുന്നു.)

കുട്ടി : ഇന്ത്യ ഒരു മതേതരരാഷ്ട്രമാണ് ഹിന്ദുക്കളും ക്രിസ്ത്യനും സിക്കും മുസൽമാനും പാഴ്സിയും ഇവിടെ ഏകോദരസഹോദരങ്ങളെപ്പോലെ വർത്തിക്കുന്നു.

(ഭൂപടത്തിനു പിന്നിൽനിന്ന് അട്ടഹാസങ്ങൾ....രക്ഷിക്കണേ എന്ന നിലവിളിയോടെ ഒരു പെൺകുട്ടി രംഗത്തേയ്ക്ക് വേച്ചുവേച്ചുവരുന്നു. കരഞ്ഞുനിൽക്കുന്നു. ഭാരതാംബയും, ആദ്യത്തെ സ്ത്രീയും, മുന്നിലേയ്ക്കു വരുന്നു. പെൺകുട്ടിയെ പിടിക്കുന്നു. പശ്ചാത്തലത്തിൽ ഹമ്മിങ്ങ്.)

അമ്മ : നീയാര്!

പെൺ : ഞാൻ മകൾ. മതഭ്രാന്തന്മാർ അച്ഛന്റേയും സഹോദരന്റേയും മുന്നിൽവച്ച് പിച്ചിച്ചീന്തിയ പെങ്ങൾ....(കരഞ്ഞ് ഭാരതാംബയുടെ തോളിൽ ചായുന്നു. ഭാരതാംബ പെൺകുട്ടിയുമായി ഭൂപടത്തിനു മുന്നിലേയ്ക്ക് വരുന്നു.) (കുട്ടി വായന തുടരുന്നു.)

കഴുകന്റെ ചുവടുകളും ഭീകരശബ്ദവുമായി ഒരു സംഘം സാവധാനം അരങ്ങത്തേയ്ക്കു വരുന്നു.

1. : ആന്ധ്രയിലെ തെക്കൻഗോദാവരി ജില്ലയിൽ വർഗ്ഗീയ സംഘട്ടനത്തെത്തുടർന്ന് ഇരുപത് പേർ മരിച്ചു.

2. : ഭഗത്പൂരിൽ ആളിപ്പടരുന്ന ഹിന്ദു മുസ്ലിം സംഘർഷത്തിൽ 35 വീടുകൾ കൊള്ളിവയ്ക്കപ്പെടുകയും നാൽപ്പതോളം ആളുകൾ കൊല്ലപ്പെടുകയും ചെയ്തു.

3. : ആന്ധ്രയിലെ ഗുണ്ടൂർ ഗ്രാമത്തിൽ ജാതി സംഘട്ടനത്തിൽ പരിക്കേറ്റവരുടെ എണ്ണം 83 ആയി ഉയർന്നു.

(ഉയർന്നുവരുന്ന വായന....വായന നിറുത്തി അമ്മയോട്.)

അമ്മേ....എന്താണീ വർഗ്ഗീയ സംഘട്ടനം എന്നു പറഞ്ഞാൽ? എന്തിനാമ്മേ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഇങ്ങനെ പരസ്പരം കൊല്ലുന്നത്?

(വായന തുടരുന്നു.)

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണിന്ത്യ. ജനാധിപത്യത്തിലൂടെ സോഷ്യലിസത്തിലേയ്ക്ക് നീങ്ങുന്ന ഇന്ത്യയുടെ ഭാവി ഭാസുരമാണ്. (വായന fade ആവുന്നതിനനുസരിച്ച് ഒരു സ്ത്രീ (ഭ്രാന്തി)....അരങ്ങിലേയ്ക്ക് വരുന്നു.)

സ്ത്രീ : ഞാനെന്റെ കുഞ്ഞിനെ കൊന്നു. എന്തിനാണെന്നറിയാമോ? അവൻ വിശന്നു കരഞ്ഞപ്പോൾ അവനു കൊടുക്കുവാൻ എന്റെ കയ്യിൽ മുലപ്പാലുപോലുമില്ലായിരുന്നു. മുലപ്പാലിനുവേണ്ടി കരഞ്ഞുകരഞ്ഞ് അവനുറങ്ങി. വീണ്ടുമവനുണർന്നാൽ മുലപ്പാലിനുവേണ്ടി കരയില്ലേ. അതുകൊണ്ട് ഞാനവനെ....എന്റെയീ കൈകൾകൊണ്ട് കഴുത്തു ഞെരിച്ചു കൊന്നു.... ഞാനെന്റെ കുഞ്ഞിനെ കൊന്നു. (കരഞ്ഞ് തളരുന്ന അമ്മയെ താങ്ങുന്ന മറ്റു മൂന്നു സ്ത്രീകൾ....അമ്മയെ പിന്നിലേയ്ക്ക് കൊണ്ടുപോകുന്നു.)

(കുട്ടി വായന തുടരുന്നു. സംഘം വാർത്തയായി വരുന്നു.)

1. : രാജസ്ഥാനിലെ ബനാസ് ജില്ലയിൽ കോട്ട ഗ്രാമത്തിൽ ഒരു കുഞ്ഞും വൃദ്ധയും അടക്കം

5 പേർ പട്ടിണിമൂലം മരിച്ചു.

2. : ഇന്ത്യ ഭക്ഷ്യധാന്യസംഭരണത്തിൽ റിക്കാർഡ് നേട്ടമുണ്ടാക്കിയതായി ഔദ്യോഗികവൃത്തങ്ങൾ ഊന്നിപ്പറഞ്ഞു.

3. : കലഹന്ദിയിൽ വീണ്ടും പട്ടിണിമരണം. കലഹന്ദിയിലെ നൂറുകണക്കിനു ആദിവാസികൾ പട്ടിണിമൂലം മരിച്ചുകൊണ്ടിരിയ്ക്കുന്നു.

4. : മേഹം നിയോജകമണ്ഡലത്തിൽ പോളിംഗ് ബൂത്തുകൾ കൂട്ടത്തോടെ പിടിച്ചെടുത്തു.

5. : മധ്യപ്രദേശിലെ ബൂന്ത് ജില്ലയിൽ ഒരു ചേരിപ്രദേശത്ത് ദാരിദ്ര്യംമൂലം 8 പേർ മരിച്ചു.

(കുട്ടിയുടെ വായന....അമ്മയോട് ചോദിക്കുന്നു.)

അമ്മേ എന്താണീ പട്ടിണിമരണം എന്നുപറഞ്ഞാൽ? എന്താണമ്മേ ഞാൻ ചോദിക്കുന്നതിനൊന്നും ഉത്തരം പറയാത്തത്?

കുട്ടി : അമ്മേ എന്താണീ പട്ടിണിമരണം എന്നു പറഞ്ഞാൽ? എന്താണമ്മേ ഞാൻ ചോദിക്കുന്നതിനൊന്നും ഉത്തരം പറയാത്തത്?

പാട്ട്

ഒരിടത്തൊരു കുഞ്ഞിൻ പൊട്ടിയ പാദസരം
  ഒരിടം മുലക്കുപ്പി, തലയറ്റൊരു പാവ-
ഒരിടത്തൊരച്ഛന്റെ കരിഞ്ഞ മേൽക്കുപ്പായം
ഒരിടത്തൊരമ്മ തൻ തുളവീണ കമ്മീസിൻ ശകലം
ഒരിടത്തൊരു കാട്ടുചെടിയിൽ കുടുങ്ങിയ
മകൾ തൻ ശിരോവസ്ത്രം
  പാതിവെന്തതാമുടൽ
പാതികൊയ്തതാം വയൽ
പാതി ഉണ്ടൊരു കിണ്ണം
പാതി ഓടിയ ദൂരം
പാതി പാടിയ ഗാനം
പാതി കണ്ടൊരു സ്വപ്നം.

(പാട്ടു തുടങ്ങുമ്പോൾ ഭാരതാംബയും മൂന്നു സ്ത്രീകളും കുട്ടിയുടെ ഇരുവശത്തുകൂടി രണ്ടു പേർ വീതം ഈ കാഴ്ചകൾ കണ്ട് തേങ്ങിക്കരഞ്ഞുകൊണ്ട് കുട്ടിയുടെ മുന്നിൽ നിരന്നു നിൽക്കുന്നു. അവസാനം കരഞ്ഞ് ഭാരതാംബയെ കെട്ടിപ്പിടിച്ച് കരഞ്ഞ് താഴെ ഇരിയ്ക്കുന്നു. പിന്നിൽ ഇന്ത്യയുടെ ഭൂപടത്തിന്റെ വിടവുകളിലൂടെ നീണ്ടുവരുന്ന ആയുധങ്ങൾ, ഭീകര രൂപികൾ-ഒക്കെക്കണ്ട് പേടിച്ച് അമ്മേ....എന്നു കരഞ്ഞുകൊണ്ട് അമ്മമാരുടെ നടുവിലേക്ക് വീഴുന്ന കുട്ടി.)

(അമ്മമാർ പാടുന്നു)

ഒരുനാളെൻ നെഞ്ചിലെ കിളിയെ കൂരമ്പെയ്തോർ-
നിണത്താൽ ചമയ്ക്കയാണിന്നു രാമായണം.
ഒരു സ്വപ്നമുണ്ടായിരുന്നെനിക്ക്
ആർക്കും മുന്നിൽ-
തല താഴ്ത്താതെ നിൽക്കുമെന്റെ നാടിനെപ്പറ്റി.
ഒരു വർഗ്ഗമായ് ഒറ്റ മതമായ് കർമ്മത്തിനാലുയരും
സമത്വമാർന്നൊരെന്റെ നാടിനെപ്പറ്റി.

(അമ്മമാർ ഇരുവശവും നിന്ന് മകനെ കൈപിടിച്ച് ഉയർത്തിക്കൊണ്ട് പാടുന്നു)

മകനേ....ഇതിന്ത്യയുടെ ഭൂപടം
വരകൾക്കുമകമേ പതയ്ക്കുന്ന ഹൃദയമീഭാരതം.
മകനേ ഇതിന്ത്യയുടെ മാർത്തടം
മൂവുലകുചുറ്റി നീ പോരിക നീയമ്മതൻ
പൂമടിയിലേയ്ക്കോടി വന്നുദയമാവുക

ഒരു തുടിത്താളവുമെടുത്തുകൊൾക....
ഭൂഹൃദയരേഖകൾ കുറിച്ചുകൊൾക
മൂവുലകുചുറ്റി നീ പോരുകീയമ്മതൻ.
പൂമടിയിലേയ്ക്കോടി വന്നുദയമാവുക.

(പാട്ടിന്റെ സമയത്ത് അമ്മമാരെ നോക്കി സാവധാനം എഴുന്നേൽക്കുന്ന കുട്ടി അമ്മമാരുടെ ശക്തി ഏറ്റുവാങ്ങി മുന്നിലേയ്ക്ക് കുതിച്ചു നിൽക്കുന്നു.)

## മാനവസൗഹൃദഗാനം

കയ്യിൽ വിവിധ വർണത്തിലുള്ള തൂവാലകൾ വീശി വേദിയുടെ ഇരുഭാഗത്തുനിന്നും താളത്തിൽ ചുവടുവെച്ചുവരുന്നു. (ഗാനം പശ്ചാത്തലത്തിൽ / വേദിയിൽ നിരന്നുനിന്ന്)

ഇന്ത്യപെറ്റ മക്കൾ നമ്മളെന്നുമൊന്ന്
ഹിന്ദുവല്ല ക്രിസ്ത്യനല്ല, നമ്മൾ മനുഷ്യർ

മുസ്ലീമല്ലാ ജൈനനല്ല, പാഴ്സിയല്ല
ഭാരതീയർ. ഭാരതീയർ നമ്മൾ മനുഷ്യർ

പലതരം പലനിറം ഭാഷവേഷഭൂഷകൾ (ഇന്ത്യ...)
(വിശപ്പിന്റേയും ദൈന്യതയുടേയും ഭിക്ഷയെടുക്കുന്നതിന്റേയും സ്റ്റിൽ)
ഒരു നിറം ഒരേ നിറം വിശപ്പിനെന്നുമൊരു നിറം

വേദനക്കൊരേനിറം കണ്ണുനീരൊരേവിധം
രക്തമൊക്കെയൊരുനിറം വിയർപ്പിനൊറ്റഭാഷയാം.
(ഇന്ത്യ...)
തർജമക്കു കിട്ടിടാത്തരൊറ്റഭാഷ, മർത്യൻ

മർത്യമാനസം സരോവരം നമുക്കു പാടാം
ഒറ്റയിന്ത്യയിന്ത്യ, ഇന്ത്യയെന്നുമുറ്റതാക്കുവാൻ

ഹൃത്തടത്തിൽനിന്നുയിർക്കുമൈക്യശക്തിയാകനാം.
(തൂവാല വീശി കളിച്ചുകൊണ്ടു തിരിച്ചുപോകുന്നു.)

## നമ്മളൊന്ന് (സംഗീതശില്പം)

(കുട്ടികൾ പാടിക്കൊണ്ടു വരുന്നു. വേദിയിൽ വന്ന് വട്ടത്തിൽ ചലിക്കുന്നു)
അമ്മയും നന്മയും ഒന്നാണ്
ഞങ്ങളും നിങ്ങളും ഒന്നാണ്
അറ്റമില്ലാത്തതാം ജീവിതത്തിൽ നമ്മ-
ളൊറ്റയല്ലൊറ്റയല്ലൊറ്റയല്ല.
(പൂ പറിക്കുന്ന കുട്ടികൾ)
മണവും നിറവും വേറെയാണെങ്കിലും
മലരായ മലരൊക്കെ മലരാണ് (2)
(പൂക്കൾ മണത്തുനോക്കി വാനിലേക്കെറിയുന്നു.)
ഒഴുകുന്ന നാടുകൾ വേറെയാണെങ്കിലും
പുഴയായ പുഴയൊക്കെ പുഴയാണ്.
(പുഴയെപ്പോലെ ഒഴുകിപ്പോകുന്ന കുട്ടികൾ)
(മുന്നോട്ടുവന്ന്) അമ്മയും നന്മയും....

(ഒറ്റക്കിരുന്ന് കരയുന്ന കുട്ടി. ഗ്രൂപ്പ് അവന്റെ അടുത്തു ചെന്ന് സാന്ത്വനിപ്പിക്കുന്നു,.)

ഒറ്റയായൊന്നുമി,ല്ലൊന്നുമില്ല
ഒന്നുമറ്റൊന്നിൻ തുടർച്ചയല്ലേ.

(എല്ലാവരും ചേർന്ന് ഒരു വലിയ ശൃംഖലയായി നടക്കുന്നു.)

ഒറ്റക്കുവന്നു പിറക്കുന്നുവെങ്കിലും
മർത്യർ നാമെല്ലാരുമൊന്നാണ്.

(മുന്നിൽ നിരന്നുനിന്ന്)

അമ്മയും... (പാടിക്കൊണ്ട് പോകുന്നു.)

**സ്വാശ്രയഗാനം**

സ്വാശ്രയമെന്നത് സ്വാതന്ത്ര്യം
ആശ്രിതരെല്ല നാം ആർക്കും
സ്വാശ്രയബോധവിഭാതത്തിന് തിരു-
വാഴ്ത്തുപാടുകനാം
(സ്വാശ്രയ)
സസ്യജന്തുമനുഷ്യപ്രകൃതികൾ
സമന്വയിച്ചൊരു സംഗീതം
പാരസ്പര്യമനോഹരമാമൊരു
ധീരനൂതന സംഗീതം
നമ്മുടെ കുറുകുഴൽ, കുടവും കിണ്ണവു-
മൊന്നിച്ചിവിടെ പാടട്ടെ
നമ്മുടെയോരോ നിശ്വാസവുമത-
നെന്നും ശ്രുതിയാവട്ടെ
(സ്വാശ്രയ)
ആശ്രിത വത്സലരെന്നുനടിക്കും
ചൂഷകരെയകലെയകലെ
കടവായ്പകൾ തൻ കണ്ണകൾ കൈകളി-
ലടിമച്ചങ്ങലയായ് മുറുകും
നമ്മുടെയക്ഷയപാത്രമതിന്ത്യ
നമ്മളതിൻ നിറവാകട്ടെ
നമ്മുടെ മണ്ണിൻ കരുത്തുമഴകും
നന്മയുമാകുക നമ്മൾ
സ്വാശ്രയ
ഒ.എൻ.വി

**സ്വാശ്രയത്വം കൂത്ത്**

വിദൂഷകൻ പ്രവേശിച്ച് ചുരുങ്ങിയ ചലനങ്ങളിൽ വിദൂഷകസ്തോഭം നടിച്ച് ശ്ലോകം ചൊല്ലുന്നു.
സ്വാതന്ത്ര്യം നേടി നൂറ്റാണ്ടരയുടെയരിക-
ത്തെത്തിനിൽക്കും ദശായാം
സാമാന്യക്കാരശേഷം പലവിധ ദുരിത-
ക്കെടുപാട്ടിൽ കുടുങ്ങി
ശ്രീതാവും ഭാരതത്തെപ്പെരുമയുമതുപോൽ
സർവ്വസമ്പത്തുമോടെ
ക്കാണാറാവുന്ന കാലം പുലരണമതിനായ്

സ്വാശ്രയത്വം കൂത്ത്

സ്വാശ്രയത്വം വരേണം. സ്വാശ്രയത്വം വരണം.ന്നാൽ എന്താ ഈ സ്വാശ്രയത്വം എന്നാണെങ്കിൽ പരാശ്രയം ഇല്ലാതെ കണ്ട് അവനവനെ തന്നെ ആശ്രയിച്ച് ജീവിയ്ക്ക്യാന്നർത്ഥം. അങ്ങനീള്ള ഈ സ്വാശ്ര

യത്വം ങ്ട് വിളിച്ചാൽ വരണതാണോ? എങ്ങടെങ്കിലും പൂവ്വാനായിട്ട് പൊറപ്പെട്ടു കഴിഞ്ഞാൽ നമ്മുടെ യാത്രയ്ക്കാവശ്യമായിട്ടുള്ള വല്ല വാഹനം- കാറോ ജീപ്പോ ഓട്ടോറിക്ഷ്യോ മറ്റോ ഒക്കെ വിളിച്ചാൽ ങ്ട് വരണമാതിര്യോ രാമകൃഷ്ണാ, മുഹമ്മദേ, ജോസഫേ എന്നൊക്കെ വിളിച്ചാൽ ആ പേര്കാരായിട്ടുള്ള ആൾക്കാര് വരുന്ന മാതിര്യോ.അതല്ല അനുസരണശീലമുള്ള വല്ല നാൽക്കാലികളും, അതിന്റെ യജമാനൻമാര് വിളിച്ചാ വരുന്ന മാതിര്യോ മറ്റോ ങ്ട് വിളിക്കേണ്ട താമസംവരണ യൊന്നാണോ ഈ സ്വാശ്രയത്വം? ഏയ് സ്വാശ്രയത്വം- ദാ ഒന്നങ്ട് വര്വാ- ലേശൊന്ന് സഹായിച്ച്തര്വാ- നന്നെ കഷ്ടത്തിലാണ് ഞങ്ങളാ ചെലരൊക്കെ. ഒന്ന് വര്വാ, സഹായിക്ക്യാ എന്നു പറഞ്ഞാൽ വര്വോ? വരില്ല്യ.എന്നാൽ ഇങ്ങനെ ചെല്ലൂളില്ല്യാത്ത ജാത്യേ എന്തിനാത്ര കഷ്ടപ്പെട്ട് വര്ത്തണ് എന്നാണെങ്കിൽ അത് വന്നാൽ മാത്രേ നമുക്കൊക്കെ രക്ഷള്ളൂ. അത് എപ്രകാരമാണ് എന്നാണെങ്കിൽ നമ്മുടെ മാതൃഭൂമിയായിരിയ്ക്കുന്ന ഈ ഭാരതം. ഭാരതം എന്നരാജ്യം വെള്ളക്കാരിൽ നിന്നും സ്വതന്ത്രയായിട്ട് അരനൂറ്റാണ്ടായി. അല്ല അവ്വായി എന്നൊക്കെ ആണല്ലോ ഒരൂട്ടം കണക്കും കയ്യും ഒക്കെ വശള്ള കൂട്ടര് പറയണത്. അങ്ങനിള്ള നമ്മുടെ ഈ മാതൃഭൂമിയിൽ,

സാമാന്യക്കാരശേഷം പലവിധ ദുരിത
ക്കെട്ടുപാടിൽ കുടുങ്ങി

സാമാന്യക്കാരായിട്ടുള്ള ആളുകള്- ന്നാൽ സ്വാതന്ത്ര്യം കിട്ടീട്ടുള്ള ഒരു രാജ്യത്തെ ജനങ്ങള് എല്ലാവരും സാമാന്യക്കാരല്ലേ എന്നാണെങ്കിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം അത് അങ്ങനല്ല. സാമാന്യക്കാരല്ലാത്തവരും നമ്മുടെ കൂടെണ്ട്. ദാ ഇയ്യാളെപ്പോലെ- കണ്ടാ സാമാന്യക്കാരനാന്നാ തോന്ന്വാ അല്ലേ? അങ്ങനല്ലേ ആരും പറയൂ....ന്നാൽ അങ്ങനല്ല. ആ കാണണത് മാത്രല്ലള്ളൂ....ദാപ്പ ഇയ്യാളെ നോക്ക്യാ സാമാന്യക്കാരനല്ല ഇയ്യാള് എന്ന് കാണണ ആരും പറയും. ന്നാലോ ആ കണ്ട മാതിരി ഒന്നൂല്ല്യാ. നമ്മുടെ ഒക്കെ കൂട്ടത്തിലുപെട്ട, പെടുത്താവുന്ന ഒരാള്. അങ്ങനെ അതോണ്ട് നോക്ക്യാലും.ഇതോണ്ട് നോക്ക്യാലും, സൗന്ദര്യം കൊണ്ട് നോക്ക്യാലും, എന്തോണ്ട് നോക്ക്യാലും ഞാൻ തന്ന്യാ കേമൻ ഞാൻ തന്ന്യാ കേമൻഎന്നു വിചാരിക്കുന്ന ആള്കളല്ല. ഈ നാട്ടില് ജനിക്കേം ചീതു, ജീവിക്കാനാണെങ്കിൽ അനുദിനം ബുദ്ധിമുട്ടുന്ന അവസ്ഥയിലാവേം ചീതു, പഠിച്ചുണ്ടായില്ല്യ,ന്നി പഠിച്ചാലോ ജോലീല്ല്യാ ജോലീണ്ടെങ്കില് തന്നെ അതിന്റെ വരുമാനം കൊണ്ട് രണ്ട് തലേം മുട്ടിക്കാൻ തന്നെ പ്രയാസംണ്ട്ന്ന് തരത്തിലുള്ള ആൾക്കാരാന്നർത്ഥം. അങ്ങനിള്ള സാമാന്യക്കാര് പലവിധ ദുരിത കെട്ടുപാടിൽക്കുടുങ്ങി- ഇനി ഇന്ന പ്രകാരത്തിലേ അവര്ക്ക് ബുദ്ധിമുട്ടുള്ളൂ എന്നില്ല. അത്ര ദുരിതത്തിലായിത്തീർന്നിരിക്ക്യാണ്. ഈ കഷ്ടപ്പാടിൽ നിന്ന് കരകയറാനെന്താ ഒരു പോംവഴി എന്നാണെങ്കിൽ,

ശ്രീതാവും ഭാരതത്തെപ്പെരുമയതുപോൽ
സർവ്വസമ്പത്തുമോടെ
കാണാറാകുന്ന കാലം പുലരണം.

ശ്രീതാവും ഭാരതം- നല്ല ഐശ്വര്യസമ്പൂർണ്ണമായ ഭാരതംണ്ടാവണം എന്നർത്ഥം. പണ്ട് ഈ നാട് എപ്രകാരമായിരുന്നൂന്ന് ചരിത്രം നിശ്ചള്ള ആൾക്കാർക്ക് അറിയാം. ചരിത്രം പറയണതു നമ്മുടെ നാട് എല്ലാം കൊണ്ടും തികഞ്ഞു നിന്നിരുന്നു എന്നാണ്. സമ്പത്ത്, സംസ്ക്കാരം, വിദ്യാഭ്യാസം, ശാസ്ത്രം അങ്ങനെ എല്ലാവിധത്തിലും മറ്റ് രാജ്യക്കാരേക്കാളും ഒക്കെ മികച്ചതായിരുന്നു. ഇപ്പഴും ചെലകാര്യത്തിലൊക്കെ ഒന്നാം സ്ഥാനം ണ്ട്ച്ചോളൂ- ആദ്യം പറഞ്ഞേന്ന് നേരേ വിപരീതമായിട്ടുള്ള സംഗതികൾക്കാണ്ന്ന് മാത്രം ചെര്യോരു വ്യത്യാസേയുള്ളൂ.അങ്ങനെയുണ്ടായിരുന്ന നമ്മടെ നാട് പലമാതിരി കലഹങ്ങളെ കൊണ്ടും വിദേശികളുടെ കൊള്ളയടികൊണ്ടും പാപ്പരായി. അങ്ങനെ ഇരിക്കുമ്പോഴാണല്ലോ സ്വാതന്ത്ര്യം കിട്ടീത്. ന്നാൽ സ്വാതന്ത്ര്യം കിട്ടീട്ടുള്ള രാജ്യം പിന്നെ പതുക്കെപതുക്കെ പുരോഗമിയ്ക്ക്യാ. അങ്ങനല്ലേ വേണ്ടത്? അതുണ്ടായില്ലെന്ന് മാത്രല്ല പണ്ടത്തേക്കാളും കലഹോം അതിന്റെ ഫലമായിട്ട് വൈദേശീകാധിപത്യവും വന്ന് ഭവിച്ചിരിക്കുന്നു. പണ്ട് പടകൂട്ടി വന്ന്ട്ടാണ് രാജ്യം പിടിച്ചടക്ക്യേത്ന്ന് വെച്ചാൽ ഇന്ന് കടോം കൂട്ടീട്ടാണ് അതു ചിയ്യണ്ന്നുള്ള വ്യത്യാസേള്ളൂ. ഇതിൽ നിന്ന് നമ്മടെ നാടും, നാം എല്ലാവരും കരകേറണംന്ന്ണ്ടെങ്കിൽ അതിന് ഒറ്റ മാർഗേള്ളൂ. അതെന്താണ്ന്നാണെങ്കിൽ.

സ്വാശ്രയത്വം വരേണം

സ്വാശ്രയത്വം വരണം. സ്വന്തംകാര്യങ്ങള് നടത്തിക്കൊണ്ടു പോവാൻ അന്യരെ ആശ്രയിക്കാനുള്ള എടേണ്ടാവരുത്. സ്വന്തം കാലുമ്മേല് ഒറച്ചു നിൽക്കണംന്നർത്ഥം. ന്നാൽ നമ്മള് എല്ലാരും സ്വന്തം കാല്മ്മലു തന്നല്ലേ നിക്കണത്. പിന്നെന്താത്ര പ്രത്യേകം പറയാൻ ന്നാണെങ്കിൽ അങ്ങന്യാണ്ന്നാണ് എല്ലാവര്ടേം വിചാരം. ന്നാൽ സത്യത്തില് അതല്ല സ്ഥിതി. തനിയ്ക്കപ്പൊരു തോന്നലുണ്ടാവും താൻ സ്വന്തം കാല്മ്മലന്ന്യാണ് നിക്ക്ണ്ന്ന്. ല്ലേ താൻ ദ് വരെ കാല് മാറ്വണ്ടായിട്ട്ല്യേ? നല്ലോണോന്ന്

ആലോചിച്ചോക്ക്യാ- ല്ല്യാ അല്ലേ. സ്വന്തം കാല്മ്മല് തന്ന്യാച്ചാൽ നന്നായി. അങ്ങനന്ന്യാ വേണ്ടത്. എന്തായാലും സ്വന്തം നെലയ്ക്ക് ആരേം ആശ്രയിക്ക്യാണ്ടായിട്ട്ല്ല്യാന്ന് വെച്ചാലും- തന്റെ പേരില് ശ്ശി കടം വര്ത്തിവെച്ചിട്ടുണ്ട് രാജ്യം ഭരിക്കണോര്. നമ്മടെ നാട്ടില് ഈ നിമിഷം ജനിച്ചു വീഴ്ണ കുട്ട്യ ടക്കം ഓരോരുത്തരുടെ പേരിലും ആയിരക്കണക്കിന് കടംവര്ത്തിവെച്ച്ട്ടുണ്ട് ഭരണകർത്താക്കള്. ഇത് നമ്മളാരെങ്കിലും പോയിട്ട് വാങ്ങീതല്ല്യാ. നമ്മടെ ഭരണകർത്താക്കൾ ഒപായം കൊണ്ട് ഓട്ടടയ്ക്കാൻ ശ്രമിച്ചേന്റെ ഫലമായിട്ടാണ് ഇത്ണ്ടായത്. കടം വാങ്ങിയതിന്റെ പലിശ വീട്ടാൻ കടം, വാങ്ങിയതിന്റെ പലിശകൊടുക്കാൻ കടം, വാങ്ങിയതിന്റെ പലിശ തീർക്കാൻ കടം- ഇങ്ങനെയൊക്കെ യായ്ത്തീർന്നിട്ട്ണ്ട് നമ്മുടെ നാടിന്റെ സമ്പ്രദായേയ്. ഈ അവസ്ഥയിൽ നിന്ന് മോചനം നേടാൻ എന്താണൊരു വഴീന്നാണെങ്കിൽ - പുരുഷാർത്ഥങ്ങൾ അനുഷ്ഠിക്ക്യന്നെ. എന്താ ഈ പുരുഷാർത്ഥ ങ്ങൾ. ധർമ്മാർത്ഥകാമമോക്ഷങ്ങൾ തന്നെ- ധർമ്മം. ധർമ്മം ന്ന്വെച്ചാൽ ഓരോ മനുഷ്യനും ചെയ്യേണ്ട പ്രവൃത്തീന്നർത്ഥം. ഇന്നയാള് ന്നതുചെയ്യണം. അങ്ങനെ ചെയ്യണതൊക്കെ തന്റേം സമൂഹ ത്തിന്റേം നന്മയ്ക്കാണ് എന്ന ബോധത്തോടെയുള്ള പ്രവൃത്തിക്കാണ് ധർമ്മംന്ന് പറയണത്.അല്ലാതെ വേണ്ട- വേണം- വേണം- വേണ്ടന്ന്ള്ള മട്ടില് അർദ്ധമനസ്സായിട്ട് അരുത്ന്ന്ർത്ഥം. പ്പൊരു ഡോക്ട റാണ്ന്ന് വെയ്ക്ക്യാ സമൂഹം ച്ചാൽ നമ്മളാ ചെലരൊക്കെ- ധാരാളം പണം ചെലവഴിച്ചിട്ടാണ് ഒരു ഡോക്ടറെണ്ടാക്കിത്തീർക്കണത്. അത് മനസ്സിലാക്കീട്ട് സമൂഹത്തിനു വേണ്ടി പ്രവർത്തിച്ചാലാണ് അത് ധർമ്മാവ്വാ. എൻജിനീയറായാലും അദ്ധ്യാപകൻ ആയാലും ന്ന് വേണ്ട ഏത് മേഖലയിലായാലും പ്രവർത്തിയ്ക്കണോരൊക്കെ അവരവരെ ഈ പ്രവൃത്തിക്കുവേണ്ടി തയ്യാറാക്കിയത് സമൂഹമാണെന്ന ബോധത്തോടെ പ്രവർത്തിയ്ക്കണമെന്നർത്ഥം. അങ്ങനെ കിട്ടണ അർത്ഥം- ധനം കൊണ്ടുവേണം അവനവന്റെ കാമിതങ്ങള് സാധിക്കാൻ. ആഗ്രഹപൂർത്തി വരുത്താൻ. ആ അവസ്ഥയാണ് പ്രമോക്ഷം. അപ്പോൾ എല്ലാവരും ആവും മട്ടിൽ പ്രവർത്തിയ്ക്ക്യാ- എല്ലാവർക്കും വേണ്ടുംന്നതൊക്കെ ങ്ങനെ കിട്ട്യാ അതന്ന്യല്ലേമോക്ഷം? പ്പൊ കണ്ട്ല്യേ ഓരോ സ്ഥലത്ത് മോക്ഷം പ്രാപിയ്ക്കായി എന്ന് നമ്മളു കരുതീരുന്നോടത്തൊക്കെ പ്പൊ അങ്ങനല്ലാന്നാ കേക്കണത്. അതായത് സമൂഹത്തിന് വേണ്ട തൊന്നും കൊടുക്കണില്ല്യാ. സമൂഹത്തിൽനിന്നും എടുക്കലുമാത്രേള്ളൂന്ന് വന്നാൽ ങ്ങനൊക്കെവരും. യഥാർത്ഥത്തിൽ ധർമ്മാനുഷ്ഠാനം നടത്താൻ വരുന്ന ധനമാണ് അർത്ഥം. അർത്ഥം കൊണ്ട് കാമ പൂർത്തിയുടെ ഫലമാണ് മോക്ഷം. ന്നാൽ അങ്ങന്യാണോ നടക്കണത്.? ഒരുകൂട്ടര്- സാമാന്യക്കാര്- കഷ്ടപ്പെട്ടും ധർമ്മാനുഷ്ഠാനം നടത്ത്യാ അതിന്റെ ഫലമായിട്ടുണ്ടാവണ അർത്ഥം ധർമ്മം തീരെ അനുഷ്ഠിക്കാത്ത കൂട്ടര് നേടാ ആഗ്രഹപൂർത്തി വരുത്താൻ ശ്രമിക്ക്യാ. ന്നാലോ അത്ണ്ടാവ്വോ അതോട്ട്ല്യേനും. ധനസമ്പാദനത്തിനുള്ള ആർത്തി വളരുകയും ചെയ്യും. ധർമ്മം കഷ്ടപ്പെട്ട് അനു ഷ്ഠിക്കണ സാമാന്യക്കാരാച്ചാൽ നന്നെ കഷ്ടത്തിലും, കടത്തിലും പരാധീനതേലും കഴിയേം ചെയ്യ്ണൂ. അങ്ങന്യല്ലേ? പ്പൊ രാജന്റെ കാര്യട്ക്ക്വാ സാമാന്യേന തരക്ക്ട്ല്യാത്ത നെലേല് ജീവിച്ച് വരണ ഒരാളേരുന്നു രാജൻ. അയാൾക്ക് അത്യാഗ്രഹം ധനസമ്പാദനത്തിന്. ന്നാലോ ധർമ്മാനുഷ്ഠാനത്തിന്  അയാള് തയ്യാറല്ലേനും. സ്വതേ അതാണല്ലോ പലർക്കും താത്പ ര്യം- തനിക്കും താല്പര്യം അതിനാ അല്ലേ? കണ്ടാ മനസ്സിലാവ്ണുണ്ട്. എന്തായാലും രാജൻ തൊട ങ്ങീത് ഒരു ബ്ലെയ്ഡുകമ്പന്യാ. നല്ല നല്ല പരസ്യങ്ങളു പത്രങ്ങളിലും ടീവീലും, റേഡിയോയിലും ഒക്കെങ്ങനെ കൊടുത്ത് , ആളുകള് കഷ്ടപ്പെട്ടുണ്ടാക്ക്ണ ധനം മുഴുവൻ ഉയർന്ന നിരക്കിൽ പലിശ തരാന്ന്ള്ള കരാറില് നിക്ഷേപായി വാങ്ങി, കൂട്ടത്തില് വേറെ ചെല വ്യാപാരങ്ങളും തൊടങ്ങി. ചെല പ്രസിദ്ധീകരണങ്ങള്ങ്ങനെ എറക്കി തുടങ്ങി ചെലതൊക്കെ. എല്ലാവർക്കും സ്വത്ള്ളതിനെ എരട്ടിപ്പി യ്ക്കാൻ നല്ല കമ്പാ. പണമാണെന്ന് വെയ്ക്ക്യാ ബഹുസന്തോഷം. നിക്ഷേപം നല്ലപോലെ വന്ന് തൊടങ്ങി. ഒരു വിധൊക്കെങ്ങനെ വന്ന് കഴിഞ്ഞപ്പൊ. ഒരു ദിവസം വന്ന് നോക്കുമ്പോ ആളുന്ന്യാ സ്ഥാപനോല്ല്യാ പണോല്ല്യാന്ന്ള്ള അവസ്ഥയായി- നിക്ഷേപകരായിട്ടുള്ള സാധാരണക്കാര് കഷ്ടത്തി ലായി. അർത്ഥണ്ടാക്കാൻ വേണ്ടി അധർമ്മം അനുഷ്ഠിക്ക്യാണ് അയാളുണ്ടായത്ന്നർത്ഥം. ദ്പോലെത നന്യാണ് ഔസേപ്പച്ചന്റെ കഥീം. സാമാന്യക്കാരൻ മാത്രമായിരുന്ന അയാള് പിന്നെ അത്യാവശ്യം കരാറ് പണികളൊക്കെ സർക്കാരിന് വേണ്ടി ചെയ്യാൻ തൊടങ്ങി. അങ്ങനെ ചെല ചെല പണികളും ചെയ്തുതൊടങ്ങ്യേപ്പോഴാണ് ധർമ്മാനുഷ്ഠാനം ല്ല്യാതെകണ്ടന്നെ അർത്ഥസമ്പാദനം തരാവുംന്ന് മനസ്സിലായത്- പിന്നെ സംശയിക്കണ്ടായില്ല്യാ. സാമാന്യക്കാരുക്ക് വേണ്ടീട്ട് അവരുടെ പണം ഉപ യോഗപ്പെടുത്തി നേരംവണ്ണം ചെയ്യണ്ട പ്രവൃത്തികളൊക്കെ അങ്ങനല്ലാണ്ടെ ചെയ്യാൻ അയാള് പഠി ച്ചു- അപ്പൊ ധനസമ്പാദനം എളുപ്പായിത്തീർന്നു. അധർമ്മാനുഷ്ഠാനമാണ് അർത്ഥസമ്പാദനത്തിന് എളുപ്പം ന്ന് മനസ്സിലായി അല്ലേ അങ്ങ്നല്ലേ പ്പ മനസ്സിലായി വരണ്. ദോണ്ട് എന്താണ്ടാവണ്? സമാന്യ ക്കാർക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ലഭിക്കാതെ പോകുന്നു. ഇതാണോ വേണ്ടത്? അല്ല. - അല്ല. എന്നല്ലേ തോന്നണത്. തനിക്ക് സംശ്ശ്ണ്ട് ല്ലേ. മനസ്സിലായടോ. താൻ ഈ സാമാന്യക്കാരുടെ എടേല

ങ്ങനെ പതുങ്ങിയിരിക്കണൂന്നേ ഉള്ളൂ. തന്റെ ഉള്ളില് മുഴുവൻ അധർമ്മ്യാനുഷ്ഠാനത്തിനുള്ള വാസ ന്യാണ്. ന്നാൽ ഇത്ല്ല്യാണ്ടാക്കാൻ അധർമ്മം ഇല്ല്യാണ്ടാക്കാൻ ചുമതലപ്പെട്ട ആൾക്കാരുടെ കഥ്യോ.- അയ്യയ്യ- അത് പറയാണ്ടിരിക്ക്യാ നല്ലത്. അത് ആലോചിച്ചാൽ ആദ്യം പറഞ്ഞ തരക്കാരാ കുറേ ഭേദം. ചെറിയൊരു കഥീടുക്കാം. കഥല്ലാച്ചോളൂ.- ഭാരതത്തിലെ ഘനവ്യവസായം പ്രോത്സാഹിപ്പി ക്കാൻ ബെൽ ന്ന് പറഞ്ഞിട്ടൊരു സ്ഥാപനോണ്ടാക്കീരുന്നു. ധർമ്മാനുഷ്ഠാനത്തിന് തയ്യാറായി വന്നി ട്ടുള്ള കുറെ എഞ്ചിനീയർമാര് സമർത്ഥന്മാര് ന്ന്യ അതില് പ്രവർത്തിക്കാനുണ്ടായിരുന്നു. അവര് ആത്മർത്ഥതയോടെ അവരുടെ ധർമ്മം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. ആ ധർമ്മം പരിരക്ഷിക്കേ ണ്ടിയിരുന്ന ഭർണകർത്താക്കള് അവരുടെ സ്വാർത്ഥം കൊണ്ടും അത്യാഗ്രഹം കൊണ്ടും വേറൊരു സ്ഥാപനം -അത് കൊറെ വിശേഷായിട്ടുള്ള സ്ഥാപനാണേയ്. ലോകം മുഴോനും വ്യാപിച്ച് കെട ക്കണ ഒരു സ്വാകാര്യ കുത്തക-സിമെൻന്ന് പേരുള്ള ഒരു കമ്പനിക്കാരെ നമ്മടെ നാട്ടിലേക്ക് ക്ഷണി ച്ചുവരുത്തി. ന്ന്ട്ടോ.? അതിന് ഇവിടെ വളരാനും നമ്മുടെ ധർമ്മാനുഷ്ഠാനം വഴി ഉണ്ടാകുന്ന അർഥം മുഴോനും സൂത്രത്തില് കടത്തിക്കൊണ്ടുപോകാനുള്ള അവസരണ്ടാക്കിക്കൊടുത്തു. ഫലം യെന്തായി. ഭെൽ എന്നുപേരുള്ള നമ്മുടെ സ്ഥാപനം നഷ്ടത്തിലായി. ഇങ്ങനെ യഥാർത്ഥ ധർമ്മാനുഷ്ഠാനം നട ത്തുന്ന എല്ലാ വിഭാഗം ആളുകളും സ്ഥാപനങ്ങളും നഷ്ടത്തിലാക്കിത്തീർത്തു. ധർമ്മാനുഷ്ഠാനം നട ത്തേണ്ട ഭരണകർത്താക്കള് അതിന് പകരം അധർമ്മാനുഷ്ഠാനത്തിനുള്ള ആൾക്കാരായി മാറ്യാൽ ദാ പ്പണ്ടായ അവസ്ഥതന്ന്യാണ്ടാവ്വാ. എന്താ അത് - വേറെ മാർഗ്ഗം ഒന്നുംല്ല്യാ അർത്ഥസമ്പാദനത്തിന് ന്ന് വന്നപ്പൊ കടം മേടിയ്ക്കലു തൊടങ്ങി. പണയം വെച്ചത് ആദ്യം സ്വർണ്ണം. നമ്മടെ രാമൻനായര് പണത്തിന് തിടുക്കം വന്നപ്പൊ ഭാര്യടെ കെട്ടുതാലി കൊണ്ടോയി പണയം വെച്ചൂ ബ്ലേഡ് കമ്പനീല്- ആദ്യം കൊറച്ച് പണേ വേണ്ടീരുന്നുള്ളൂ. പിന്നെ അതിന്റെ പലിശയടക്കം തുകയ്ക്ക് പണം പണം പുതുക്കി- ചുരുക്കത്തിൽ ഇരപ്പൊ പണയം വെച്ച ആഭരണം വീണ്ടെടുക്കണം. ന്നെച്ചാ പുരയും പറമ്പും വിക്കണം- ഇതന്ന്യാ നാടിന്റെ കഥീം. ഇനിപ്പൊ സൊർണൊന്നും പണം വെയ്ക്കാനില്ല്യാ. അപ്പൊ എന്താ ചിയ്യ്യാ? ആൾക്കാരെ പണയം വെയ്ക്ക്യാ- അതന്ന്യാ ചിയ്യണ്ടായിരിയ്ക്കണത്. താൻ പണയപ്പെട്ടില്ല്യാന്നാപ്പൊ തന്റെ വിചാരം. അല്ലേ? ആ- യോഗ്യനായിട്ട് ഇരിയ്ക്കണണ്ടലോ ഒരു കടോല്ല്യാല്ലേ? ന്നാള് കൂട്ടുകാരനോട് കടം വാങ്ങിയ പത്തുറുപ്യേംമടക്കി കൊടുത്തൂല്ലേ? മിട്ക്കാ. നല്ലൊരു മുഖം- കണ്ടാൽ ലക്ഷം ഉറുപ്പികയ്ക്ക് പണയം വെയ്ക്കാം- ന്നാൽ ഡോ താൻ ത്ര യോഗ്യ തേല് ഇരിയ്ക്കൊന്നും വേണ്ട- തന്റെ പേരിലും കടം വരുത്തി വെച്ചിരിയ്ക്ക്യാണ് രാജ്യം ഭരിയ്ക്ക ണോര്. തനിക്ക് മാത്രമല്ല. തന്റെ കുട്ടിയ്ക്കും, ഗർഭത്തിലുള്ള ശിശൂനും ഒക്കെ സ്വന്തം പേരില് കടം വന്ന് ഭവിച്ചിട്ട്ണ്ട്. തനിക്ക് രസാവ്ണ്ല്യ അല്ലേ? അയാള് കടക്കാരനാണ്ന്ന് കേട്ടാൽ തനിക്ക് ക്ഷ്യാവും-ന്നാൽ താനും വ്യത്യാസല്ലടോ- താൻ ന്നല്ല ഈ ഞാനും നമ്മുടെ നാട്ടിലെ 85-95 കോടി മനുഷ്യരൊക്കെ ഇപ്പറഞ്ഞ പോല്യാ- അപ്പോൾ നമ്മടെ രാജ്യവും നാമോരോരുത്തരും എത്തി ച്ചേർന്നിരിക്കണത് പരാശ്രയത്വത്തിന്റെ അവസ്ഥയിലാണ്. സ്വാശ്രയത്വം ഉള്ള ഒരു ഭാരതം ഉണ്ടാവ ണം. അതിനായി നാട്ടില് അധർമ്മം ല്ല്യാണ്ടാവണം. അധർമ്മം പെരുകുമ്പോൾ ദുഷ്ടൻമാരെ നിഗ്ര ഹിക്കാനായി ഭഗവാൻ അവതരിയ്ക്കും എന്നാണല്ലോ പഴയ ഒരു സങ്കല്പം. നമ്മെ അധർമ്മികളിൽ നിന്നും ദുഷ്ടൻമാരിൽ നിന്നും രക്ഷിക്കാൻ ഒരാളും അവതരിയ്ക്കാൻ പോണില്ല്യാ. അങ്ങനെ ആരെ ങ്കിലും അവതരിച്ച് സർവ്വവും സുന്ദരമാക്കി രാജ്യം മുഴുവനും നന്നാക്കി നമ്മളാ ചെലര്ക്ക് നൽകും ന്നൊക്കെ ആരെങ്കിലും വിചാരിയ്ക്കണണ്ട്ന്ന്വെട്ടാൽ അത് അബദ്ധമാവും. നാട് സമത്വസുന്ദരമാക്കി ത്തരാൻ ആരും ഇനി പൊറത്തുന്നൊന്നും വരാൻ പോണില്ല്യാ. ധരിച്ചോളാ. നമ്മെ രക്ഷിക്കാൻ നമ്മ ളന്ന്യാ. ധർമ്മം സ്ഥാപിക്കാൻ ദുഷ്ടനിഗ്രഹം വരുത്താൻ നാം തന്നെ പുനരവതരിയ്ക്കണം. അങ്ങനെ അവതരിയ്ക്കാൻ വേണ്ടി നമ്മളെല്ലാവരും ഇന്നുതന്നെ ശ്രമം നടത്തണം. നാളെയാവുംന്നെ ച്ചാൽ വല്ലാതെ വൈകും.

## കൂടിക്കാഴ്ച്ച

അതെ
ഇവരിരുവരും പതിതർ, ഒറ്റപ്പെട്ടോർ
പടിപൂട്ടി തൻ പേരക്കുട്ടികൾ
പിണ്ഡം വച്ചോർ.
പോകയായിരുന്നു പരസ്പരമവർ പണ്ട്-
പണിത മഹാരാജ്യം കാണുവാൻ പഠിക്കുവാൻ
എങ്ങനെ ഇതിഹാസം പുതുക്കിക്കുറിച്ചു നാം
ചങ്ങലക്കെട്ടിൽ നാട് പിടയും ദിനങ്ങളിൽ

എങ്ങനെ സ്നേഹത്തിന്റെ ഉലയിൽ പഴുപ്പിച്ചു
നമ്മുടെ ജനതതൻ ഇച്ഛയ്ക്ക് കൂട്ടി മൂർച്ച
ശത്രുവിൻ ശസ്ത്രങ്ങളെ തീഷ്ണമാം
വിമോചന സ്വപ്നത്തിൻ
ബലത്തിനാലവർ വെന്നിടുവോളം
ശക്തനു മശക്തനു മില്ലാത്ത സമുദായം
സത്യമാക്കുവാൻ സ്വന്തം ജീവനെ തൃജിപ്പോളം
ഇപ്പോഴോ
ഇപ്പോൾ വന്നു സ്വാതന്ത്ര്യം
സ്വാതന്ത്ര്യത്തിന്നാപ്പഴുതിലൂടെത്തി
നാം പടികടത്തിയതൊക്കെയും.
നിൽക്കയാണവളിന്ന്
സാമ്രാജ്യത്വത്തിൻ കാൽക്കൽ
എച്ചിലിനായ് വാലാട്ടി മോങ്ങി
ചെള്ളുകൾ മൂടി
വന്നേക്കാം പുതുതലമുറയൊന്നവർ
കൊണ്ടുവന്നേക്കാം സ്വാതന്ത്ര്യവും
അപ്പവും തരും നാളെ
മറവിയിലിന്ത്യാക്കാർ ദഹിപ്പിച്ചുവെന്നെ
ഞാൻ ജീവിക്കുമ്പോൾ
ഒരു സ്വപ്നമുണ്ടായിരുന്നെനിക്ക്
ആർക്കും മുമ്പിൽ തലതാഴ്ത്താതെ
നിൽക്കുമൊരു നാടിനെപ്പറ്റി
ഒരു വർഗ്ഗമായ് ഒറ്റ മതമായ്
കർമ്മത്തിനാലുയരും
സമത്വത്തിൻ മാതൃരാജ്യത്തെപ്പറ്റി
നവ സാമ്രാജ്യത്വത്തിൻ
ഖജനാവിൻ മുൻപിൽ
അവൾ തൻ ആത്മാവിനെ
അവരെപ്പോഴേ വിറ്റു
വരൂ പോകുക കണ്ണീർ നമ്മളെ
വിളിക്കയാണ്
ഇനി നാം തുടങ്ങേണ്ടൂ
നവസന്നാഹം ഭൂവിൽ
ഒരിക്കൽ താങ്കൾ വെള്ളക്കാരനോടാ-
ജ്ഞാപിച്ചു വിടുകയിന്ത്യ-
മേഘമതു മാറ്റൊലിയാക്കി
പ്രിയനാടിനെ ഡോളർ വിലയ്ക്കു
വിൽക്കുന്നവർക്കെതിരായുയരട്ടെ
ഇന്നതേ മുദ്രാവാക്യം
വിടുക ഏഷ്യ
വിടുക ആഫ്രിക്ക
മരണമേ വിടുക. നിർത്തുകീകൊള്ള.

സച്ചിദാനന്ദൻ